# സഹ്യനാദം

ലക്കം 05 | മെയ് 2024 | വാല്യം 21

ഇടുക്കി രൂപതാ ബുള്ളറ്റിൻ



## തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ

# തിരുനാൾ

**മെയ് 01**


നാലാം ചരമ വാർഷികം
2024 MAY 01
മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ജനനം
1942 Sept. 23
പൗരോഹിത്യ സ്വീകരണം
1971 Mar. 15
മെത്രാഭിഷേകം
2003 Mar. 02
മരണം
2020 May 01

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 21
Issue No. : 05
Month : May 2024




*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: +919061230151

*Cover designed by:*
Media commission, Idukki

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com

## ഈ ലക്കത്തിൽ

ദൈവവിളികൾക്കായുള്ള 2024 – ലെ 61 – ാമത് ആഗോള പ്രാർഥനാദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം 05
നാളാഗമം 13
BISHOP'S ENGAGEMENTS 18
കച്ചേരി വാർത്തകൾ 19
സാന്താമരിയ അരുണാചൽ മിഷൻ 25
സന്ന്യസ്തർ 32
ക്രിസ്തുജ്യോതി 38
വിദ്യാഭ്യാസം 40
പാവനാത്മാ കോളേജ് 41
മാർ സ്ലീവാ കോളേജ് 41
സാമൂഹ്യസേവനം 42
കെ. സി. എസ്. എൽ. 43
തിരുബാലസഖ്യം 43
ചെറുപുഷ്പ മിഷൻലീഗ് 44
കെ. സി. വൈ. എം. 46
ജീസസ് യൂത്ത് 48
മാതൃവേദി 51
പ്രാർത്ഥനാ ഗ്രൂപ്പ് 52
ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റിവ് 54
ആത്മജ്യോതി 55
കരുണ ആനിമേഷൻ സെന്റർ 55
പ്രവാസി അപ്പോസ്റ്റലേറ്റ് 56
വാർത്തകളും വിശേഷങ്ങളും 57

***"May we learn to cultivate the virtue of temperance. By controlling our words and actions we can avoid useless conflicts and promote Peace in our society."***

*Pope Francis, Tweet, 17-04-2024*

# ഓർമ്മിക്കാൻ

## മെയ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ ചരമവാർഷികം. |
| | : | തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് |
| 02 | : | വി. അത്തനേഷ്യസ് |
| 03 | : | വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 06 | : | വി. ഡോമിനിക്ക് സാവിയോ |
| 09 | : | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 10–12 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 14 | : | വി. മത്തിയാസ് ശ്ലീഹാ |
| 15 | : | വിളവുകളുടെ സംരക്ഷകയായ പരിശുദ്ധ കന്യകാമറിയം |
| 19 | : | പന്തക്കുസ്താത്തിരുനാൾ, ശ്ലീഹാക്കാലം ആരംഭിക്കുന്നു |
| 22 | : | വൈദികരുടെ സ്റ്റഡിഫോറം, ആത്മജ്യോതി, അടിമാലി |
| 24 | : | സ്വർണ്ണവെള്ളി |
| 26 | : | പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ |
| 30 | : | പരിശുദ്ധ കുർബാനയുടെ തിരുനാൾ |
| 31 | : | പരിശുദ്ധ മറിയത്തിന്റെ സന്ദർശനം |

C. 14. സർക്കുലർ

# ദൈവവിളികൾക്കായുള്ള 2024-ലെ 61-ാമത് ആഗോള പ്രാർഥനാദിനത്തിൽ

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം (ഏപ്രിൽ 21, 2024)

### പ്രത്യാശയുടെ വിത്തുകൾ വിതയ്ക്കാനും സമാധാനം സംസ്ഥാപിക്കാനും വിളിക്കപ്പെടുന്നത്

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവവിളികൾക്കായുള്ള ആഗോള പ്രാർഥനാദിനത്തിൽ ഓരോ വർഷവും കർത്താവ് നമുക്ക് ഓരോരുത്തർക്കും നൽകുന്ന അമൂല്യവിളിയെക്കുറിച്ച് ചിന്തിക്കാൻ അവിടന്ന് നമ്മെ ക്ഷണിക്കുന്നു. തന്റെ വിശ്വസ്ത തീർഥാടക ജനത്തിലെ അംഗങ്ങൾ എന്ന നിലയിൽ അവിടത്തെ സ്നേഹം നിറഞ്ഞ പദ്ധതിയിൽ പങ്കുചേരാനും സുവിശേഷത്തിന്റെ സൗന്ദര്യം ജീവിതത്തിന്റെ വ്യത്യസ്ത അന്തസ്സുകളിൽ പ്രകാശിതമാക്കാനും ആണ് ഈ വിളി. ദൈവിക വിളി കേൾക്കുക എന്നത് നമ്മുടെ സന്തോഷത്തിനായുള്ള അഗാധമായ ആഗ്രഹം സഫലീകരിക്കാനുള്ള സുനിശ്ചിതമായ മാർഗമാണ്; ആ വിളി നമ്മുടെ മേൽ - അത് ഒരു മതാത്മക ആദർശത്തിന്റെ അടിസ്ഥാനത്തിൽ ആണെങ്കിൽപ്പോലും - അടിച്ചേൽപ്പിക്കപ്പെട്ട ഒരു കടമയല്ല. നാം ആരാണെന്ന് സ്വയം മനസ്സിലാക്കുമ്പോൾ, നമുക്കുള്ള ദാനങ്ങൾ എന്താണെന്ന് കണ്ടെത്തുമ്പോൾ, എവിടെയാണ് നമുക്ക് ഫലം പുറപ്പെടുവിക്കാമെന്നത് തിരിച്ചറിയുമ്പോൾ, നാം എവിടെത്തന്നെയായിരുന്നാലും, സ്നേഹത്തിന്റെ അടയാളങ്ങളും ഉപകരണങ്ങളും, തുറവിയോടെ മറ്റുള്ളവരെ സ്വീകരിക്കാനുള്ള താത്പര്യവും സൗന്ദര്യവും ശാന്തിയും ആർജിക്കാനുള്ള മാർഗങ്ങളും നാം കണ്ടെത്തുമ്പോൾ നമ്മുടെ ജീവിതങ്ങൾ സഫലീകൃതമാകും.

ആകയാൽ, തങ്ങളുടെ അസ്തിത്വത്തെ മുഴുവൻ ചൂഴ്ന്നു നിൽക്കുന്ന ഈ വിളിയിൽ വിശ്വസ്തമായി നിലനിൽക്കാനായി നിരന്തരമുള്ള രഹസ്യശ്രമങ്ങൾ നടത്തിക്കൊണ്ട് അതിന് ഉത്തരം നൽകുന്ന എല്ലാവരെയും ഓർക്കാനും കർത്താവിനു കൃതജ്ഞത അർപ്പിക്കാനും ഈ ദിനം ഉത്തമമായ ഒരു അവസരം ഒരുക്കുന്നു. പ്രഥമമായി തങ്ങളെക്കുറിച്ചു ചിന്തിക്കാതിരിക്കുകയും നൈമിഷികമാവിധം മിന്നിമറയുന്ന പരിഷ്കാരങ്ങളെ പിഞ്ചെല്ലാതിരിക്കുകയും ചെയ്യുന്ന മാതാപിതാക്കന്മാരെ ഞാൻ അനുസ്മരിക്കുന്നു. അവർ തങ്ങളുടെ ജീവിതങ്ങൾ രൂപപ്പെടുത്തുന്നത് ബന്ധങ്ങൾ വഴിയാണ്; ആ ബന്ധങ്ങളാകട്ടെ സ്നേഹത്തിലും ആർദ്രതയിലും ജീവന്റെ ദാനത്തോടുള്ള തുറവിലും തങ്ങളുടെ മക്കളോടുള്ള പ്രതിജ്ഞാബദ്ധതയിലും പക്വതയിലുള്ള വളർച്ചയിലും ഉൾപ്പെട്ടിരിക്കുന്നതാണ്. മറ്റുള്ളവരുമായി സഹകരണചൈതന്യത്തോടെ തങ്ങളുടെ ജോലി നിർവഹിക്കുന്നവരെയും കൂടുതൽ നീതിയുക്തമായ ഒരു ലോകത്തെ കെട്ടിപ്പടുക്കുന്നതിനും കൂടുതൽ ബലമുള്ള ഒരു സമ്പദ്വ്യവസ്ഥയും സമദർശിയായ ഒരു സാമൂഹ്യനയവും കൂടുതൽ മാനുഷികമായ ഒരു സമൂഹവും രൂപവൽക്കരിക്കുന്നതിനുമായി വ്യത്യസ്തങ്ങളായ മാർഗങ്ങളിലൂടെ ശ്രമിക്കുന്നവരെയും ഞാൻ അനുസ്മരിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ, പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനായി തങ്ങളുടെ ജീവിതം സമർപ്പിക്കുന്ന സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാരെയും ഞാൻ ഓർക്കുന്നു. മാത്രമല്ല, പ്രാർഥനയുടെ നിശബ്ദതയിലും അപ്പസ്തോലിക പ്രവർത്തനത്തിലും ഏർപ്പെട്ടിരുന്നുകൊണ്ട് തങ്ങളുടെ ജീവിതങ്ങൾ കർത്താവിനു കാഴ്ചവച്ചുകൊണ്ടു പ്രവർത്തിക്കുന്ന സമർപ്പിതരായ എല്ലാ സ്ത്രീപുരുഷന്മാരെയും ഞാനോർക്കുന്നു; ചിലപ്പോഴൊക്കെ അവർ പ്രവൃത്തി എടുക്കുന്നത് സമൂഹത്തിന്റെ വിളിമ്പുകളിലാണ്; അവർ തങ്ങൾക്കു ചുറ്റുമുള്ളവരെ ശുശ്രൂഷിച്ചുകൊണ്ട് അക്ഷീണം തങ്ങളുടെ ദാനങ്ങൾ (charisms) ക്രിയാത്മകമാവിധം പരിപോഷിപ്പിക്കുന്നു. ശുശ്രൂഷാപൗരോഹിത്യത്തിലേക്കുള്ള ദൈവത്തിന്റെ വിളി സ്വീകരിച്ചിട്ടുള്ള എല്ലാവരെയും ഞാൻ ഓർക്കുന്നു. അവർ സുവിശേഷപ്രഘോഷണത്തിനായി സ്വയം സമർപ്പിക്കുമ്പോൾത്തന്നെ ദിവ്യകാരുണ്യ അപ്പത്തോടൊപ്പം തങ്ങളുടെ ജീവിതങ്ങൾതന്നെ സഹോദരീ സഹോദരന്മാർക്കായി മുറിച്ചുവിളമ്പുന്നതിനും അങ്ങനെ പ്രത്യാശയുടെ

വിത്തുകൾ വിതയ്ക്കുന്നതിനും ദൈവരാജ്യത്തിന്റെ സൗന്ദര്യം എല്ലാവർക്കും വെളിപ്പെടുത്തികൊടുക്കുന്നതിനും തയ്യാറാകുന്നു.

യുവതീയുവാക്കളോട്, പ്രത്യേകിച്ച് സഭയിൽനിന്ന് വിദൂരത്ത് ആയിരിക്കുകയും സഭയെക്കുറിച്ച് ഒരു നിശ്ചയവും ഇല്ലാതിരിക്കുകയും ചെയ്യുന്നവരോട്, ഞാൻ ഇപ്രകാരം പറയുന്നു: യേശുതന്നെയും നിങ്ങളെ അവന്റെ അടുത്തേക്ക് കൊണ്ടുവരട്ടെ. സുവിശേഷങ്ങൾ വായിക്കുന്നതിലൂടെ ഉയർന്നുവരുന്ന നിങ്ങളുടെ പ്രധാനപ്പെട്ട ചോദ്യങ്ങൾ അവന്റെ പക്കലേക്ക് കൊണ്ടുവരിക; തന്റെ സാന്നിധ്യം വഴിയായി അവൻ നിങ്ങളെ വെല്ലുവിളിക്കട്ടെ; അവന്റെ സാന്നിധ്യം എപ്പോഴും ആരോഗ്യകരമായ ഒരു പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്. മറ്റാരെയുംകാൾ യേശു നമ്മുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. യേശു ഒരിക്കലും ഒന്നും അടിച്ചേൽപ്പിക്കുകയില്ല; നിർദ്ദേശിക്കുക മാത്രം ചെയ്യും. അവന് ഇടം കൊടുക്കുക; അവനെ അനുഗമിക്കുന്നതുവഴിയായി നിങ്ങൾ നിശ്ചയമായും സന്തോഷത്തിന്റെ വഴി കണ്ടെത്തും. അവൻ നിങ്ങളോട് ആവശ്യപ്പെട്ടാൽ, നിങ്ങളെത്തന്നെ പൂർണമായി അവനു നൽകുക.

**പാതയിൽ ആയിരിക്കുന്ന ജനം**

ക്രൈസ്തവ സമൂഹം അംഗീകരിക്കുകയും അനുഗമനംചെയ്യുകയും ചെയ്യുന്ന വ്യത്യസ്തങ്ങളായ ദാനങ്ങളുടെയും ദൈവവിളികളുടെയും സ്വരലയം ക്രിസ്ത്യാനികൾ ആയിരിക്കുക എന്നാൽ എന്താണെന്നുള്ളതിനെ കൂടുതൽ വിലമതിക്കാൻ നമ്മെ സഹായിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ സജീവ ശിലകളും നാം അവന്റെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമായ ഈ ലോകത്തിലെ ദൈവത്തിന്റെ ജനം എന്ന നിലയ്ക്ക് വളരെ വലിയ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നും പിതാവിന്റെ മക്കൾ എന്ന നിലയിൽ പരസ്പരം സഹോദരീസഹോദരന്മാരാണെന്നും തിരിച്ചറിയുന്നു. നാം നമ്മിൽത്തന്നെ ഒതുങ്ങുന്ന ദ്വീപുകൾ അല്ല, പ്രത്യുത വലിയൊരു പൂർണതയുടെ വിവിധ ഭാഗങ്ങളാണ്. ഈ അർഥത്തിൽ ദൈവവിളികൾക്കായുള്ള ആഗോള പ്രാർഥനാദിനത്തിന് ഒരു സിനഡാത്മക സ്വഭാവമുണ്ട്: നമ്മുടെ വ്യത്യസ്തങ്ങളായ ദാനങ്ങൾക്കിടയിൽ പരസ്പരം ശ്രവിക്കാനും ഒരുമിച്ചു സഞ്ചരിക്കാനും നാം ക്ഷണിക്കപ്പെടുന്നു; അത് ഓരോരുത്തരെയും അംഗീകരിക്കാനും എല്ലാവ

രുടെയും നന്മയ്ക്കായി എവിടേക്കാണ് ആത്മാവ് നമ്മെ നയിക്കുന്നത് എന്നത് വിവേചിച്ചറിയാനും വേണ്ടിയാണ്.

ഈ കാലസന്ധിയിൽ നമ്മുടെ പൊതുവായ സഞ്ചാരം 2025-ലെ ജൂബിലി ആഘോഷത്തിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്. വിശുദ്ധ വർഷത്തിലേക്ക് 'പ്രത്യാശയുടെ തീർഥാടകരായി' ഒരുമിച്ച് യാത്ര ചെയ്യാം. എന്തെന്നാൽ, നമ്മുടെതന്നെ വിളി കണ്ടെത്തുകയും ആത്മാവ് വർഷിക്കുന്ന വിവിധങ്ങളായ ദാനങ്ങളുടെ ഇടയിൽ അതിന്റെ സ്ഥാനം നമുക്ക് കണ്ടെത്തുകയും ചെയ്യാം; അങ്ങനെ ദൈവത്തിന്റെ സ്നേഹത്താലും ഉപവിയുടെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും ശൃംഖലകളാലും ബന്ധിക്കപ്പെട്ട് ഒന്നായി തീർന്നുകൊണ്ട് നമ്മുടെ ലോകത്തിനു ഏക മനുഷ്യ കുടുംബം എന്ന യേശുവിന്റെ സ്വപ്നത്തിന്റെ സാക്ഷികളും സന്ദേശവാഹകരും നമുക്ക് ആയിത്തീരാം.

തന്റെ രാജ്യത്തിന്റെ നിർമിതിക്കായി വിശുദ്ധമായ ദൈവവിളികൾക്കായി പിതാവിനോടു സവിശേഷമായി യാചിക്കാനുള്ള ഒരു ദിനമാണിന്ന്: 'തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു നിങ്ങൾ പ്രാർഥിക്കുവിൻ' (ലൂക്കാ 10:2). നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, പ്രാർഥന എന്നത് അവിടത്തോട് സംസാരിക്കുക എന്നതിലുപരി അവിടത്തെ ശ്രവിക്കുക എന്നതത്രെ. ദൈവം നമ്മുടെ ഹൃദയത്തോടു സംസാരിക്കുന്നു; അത് തുറന്നിരിക്കുന്നത് കാണാൻ അവിടന്ന് ആഗ്രഹിക്കുന്നു; അത് ആത്മാർഥവും ഉദാരവുമായതും ആയിരിക്കണം. യേശുക്രിസ്തുവിൽ മാംസംധരിച്ച അവിടത്തെ വചനം പിതാവിന്റെ ഹിതം പൂർണമായും നമുക്ക് വെളിപ്പെടുത്തിത്തന്നു.

ജൂബിലിയുടെ ഒരുക്കത്തിനായുള്ള പ്രാർഥനയ്ക്കായി മാറ്റിവെച്ചിരിക്കുന്ന ഈ വർഷം കർത്താവുമായുള്ള ഹൃദയപൂർവമായ സംഭാഷണത്തിൽ ഏർപ്പെടുന്നതിനുള്ള നമ്മുടെ അമൂല്യ അനുഗ്രഹമായ കഴിവ് വീണ്ടും കണ്ടെത്താനും അങ്ങനെ പ്രത്യാശയുടെ തീർഥാടകരായി തീരാനും നാം ക്ഷണിക്കപ്പെടുന്നു. എന്തെന്നാൽ 'പ്രത്യാശയുടെ ആദ്യത്തെ ശക്തി പ്രാർഥനയാണ്. നിങ്ങൾ പ്രാർഥിക്കുമ്പോൾ പ്രത്യാശ വർധിക്കുന്നു; അത് മുന്നോട്ട് നയിക്കുന്നു. പ്രാർഥനയാണ് പ്രത്യാശയുടെ വാതിൽ തുറക്കുന്നത്. പ്രത്യാശ

അവിടെ ഉണ്ട്; എന്റെ പ്രാർഥനവഴി ഞാൻ വാതിൽ തുറക്കുന്നു' (*Catechesis*, 20 May 2020).

**പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ വിധാതാക്കളും**

എന്നാൽ തീർഥാടകരായിരിക്കുക എന്നു പറഞ്ഞാൽ എന്താണ്? തീർഥാടനത്തിനു പോകുന്നവർ മുഖ്യമായും തങ്ങളുടെ ദൃഷ്ടികൾ ഒരു ലക്ഷ്യത്തിൽ പതിപ്പിക്കുന്നു; അത് അവരുടെ മനസ്സിലും ഹൃദയത്തിലും എപ്പോഴും ഉണ്ടായിരിക്കുന്നതിനുവേണ്ടിയാണ്. ആ ലക്ഷ്യം പ്രാപിക്കാൻ അവർ ഓരോ ചുവടിലും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ആകയാൽ, കുറഞ്ഞ ഭാരവുമായി സഞ്ചരിക്കണം. അതായത്, തങ്ങളെ ഭാരപ്പെടുത്തുന്ന എല്ലാം ഉപേക്ഷിക്കേണ്ടതുണ്ട്; അത്യാവശ്യം വേണ്ടവ മാത്രം വഹിക്കുകയും ഓരോ ദിവസവും ക്ഷീണവും ഭയവും അനിശ്ചിതത്വവും മുരടിപ്പും ഒക്കെ ഒഴിവാക്കുകയും വേണം. തീർഥാടകർ ഓരോ ദിവസവും ആരംഭിക്കുന്ന ആളുകളാണ്; അവർ നവമായി തുടങ്ങുന്നു. യാത്ര ക്ഷീണം ഉളവാക്കുന്നതും ദുഷ്കരവും ആണെങ്കിൽപ്പോലും അതിന്റെ ഓരോ ഭാഗത്തും ആവശ്യമായുള്ള താത്പര്യവും ശക്തിയും ഓരോ ദിവസവും അവർ കണ്ടെത്തുന്നു; അപ്പോൾ പുതിയ ചക്രവാളങ്ങൾ മിഴിതുറക്കുകയും നാം മുമ്പ് കണ്ടിട്ടില്ലാത്ത വീഥികൾ തുറന്നുവരികയും ചെയ്യും.

നമ്മുടെ ക്രൈസ്തവ തീർഥാടനത്തിന്റെ ആത്യന്തിക അർഥം ഇതാണ്: ദൈവസ്നേഹം കണ്ടെത്താനായി നാം ഇറങ്ങിപ്പുറപ്പെടുന്നു; അതേസമയംതന്നെ നാം നമ്മെത്തന്നെയും കണ്ടെത്തുന്നു; അതായത്, നമ്മുടെ ഉള്ളിൽത്തന്നെ നടത്തുന്ന യാത്രവഴിയായി; അത് പരിപോഷിപ്പിക്കപ്പെടുന്നത് മറ്റുള്ളവരുമായുള്ള ബന്ധംവഴിയാണ്. നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നതിനാലാണ് തീർഥാടകരായിരിക്കുന്നത്: ദൈവത്തെ സ്നേഹിക്കാനും പരസ്പരം സ്നേഹിക്കാനും വിളിക്കപ്പെട്ടിരിക്കുന്നവർ. ഈ ലോകത്തിലുള്ള നമ്മുടെ തീർഥാടനം ലക്ഷ്യമില്ലാതെ മുന്നേറുന്നതോ അലഞ്ഞു തിരയുന്നതോ അല്ല. മറിച്ച്, ഓരോ ദിവസവും ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് ഒരു പുതിയ ലോകത്തിലേക്ക് കാൽവയ്ക്കാനുള്ള ശ്രമം നാം നടത്തുന്നു; അവിടെ എല്ലാവർക്കും സമാധാനത്തിലും നീതിയിലും വസിക്കാനാകും. നമ്മൾ പ്രത്യാശയുടെ തീർഥാടകരാണ്; കാരണം, നമ്മൾ കൂടുതൽ ശോഭനമായ ഒരു ഭാവിയിലേക്കാണ്

കുതിക്കുന്നത്; ഓരോ കാൽവയ്പ്പിലും അത് സാക്ഷാത്കരിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്.

യഥാർഥത്തിൽ ഓരോ ദൈവവിളിയുടെയും ലക്ഷ്യം ഇതാണ്: പ്രത്യാശയുടെ സ്ത്രീപുരുഷന്മാരായി ഭവിക്കുക. ഐതിഹാസികമായ വെല്ലുവിളികളാൽ കലുഷിതമായ ഇന്നത്തെ ലോകത്ത്, വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ, നമ്മുടെ വ്യത്യസ്തങ്ങളായ ദാനങ്ങളും ശുശ്രൂഷകളും വഴിയായി സുവിശേഷസന്ദേശമായ പ്രത്യാശയുടെ ആൾരൂപങ്ങളും സന്ദേശവാഹകരും ആകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ കാലസന്ധി വിവിധ ഇടങ്ങളിലായി കുറേശ്ശയായി പൊരുതപ്പെടുന്ന മൂന്നാം ലോകമഹായുദ്ധത്തിന്റെ വിനാശകരമായ മായാവലയത്തിലാണ്. കൂടുതൽ നല്ല ഒരു ഭാവിയെ അന്വേഷിക്കുന്നതിന്റെ ഭാഗമായി തങ്ങളുടെ സ്വന്തം നാടുകൾ ഉപേക്ഷിച്ച് ദേശാന്തരഗമനം ചെയ്യുന്നവരുടെ പ്രവാഹം, വർധിതമായിക്കൊണ്ടിരിക്കുന്ന ദരിദ്രരുടെ എണ്ണം, നമ്മുടെ ഈ ഗ്രഹത്തിന്റെ ആരോഗ്യം തിരിച്ചുപിടിക്കാനാകാത്തവിധമുള്ള പ്രശ്നങ്ങൾ എന്നിവ ഇവയിൽ ചിലതാണ്. ഇങ്ങനെയുള്ള ഒട്ടനവധി പ്രശ്നങ്ങളാണ് നാം ദിവസവും അഭിമുഖീകരിക്കുന്നത്; അവ പലപ്പോഴും നമ്മെ കീഴടങ്ങിലേക്കും പരാജയം അംഗീകരിക്കുന്നതിലേക്കും കൊണ്ടെത്തിക്കുന്നു.

ആകയാൽ, നമ്മുടെ ഈ ദിനങ്ങളിൽ ക്രിസ്ത്യാനികളായ നാം പ്രത്യാശഭരിതമായ ഒരു കാഴ്ചപ്പാട് പുലർത്തുക എന്നത് അനിവാര്യമാണ്. ദൈവരാജ്യത്തിന്റെ സ്നേഹത്തിനും നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള ശുശ്രൂഷയുടെ ഭാഗമായി നമുക്ക് ലഭിച്ചിട്ടുള്ള ദൈവവിളിക്ക് ഫലപ്രദമാംവിധം ഉത്തരം നൽകിക്കൊണ്ട് നാം പ്രവർത്തിക്കണം. ഈ പ്രത്യാശ നമ്മെ, വിശുദ്ധ പൗലോസ് പറയുന്നതുപോലെ 'നിരാശരാക്കുന്നില്ല' (റോമ 5:5). കാരണം, കർത്താവ് നമ്മോടൊപ്പം എപ്പോഴും വസിക്കും എന്നും, ഓരോ വ്യക്തിയുടെയും ഹൃദയത്തിലും സൃഷ്ടിയുടെതന്നെ 'ഹൃദയത്തിലും' അവിടന്ന് നിവർത്തി യാക്കാൻ ആഗ്രഹിക്കുന്ന രക്ഷാകര പ്രവൃത്തിയിൽ നമ്മെയും പങ്കാളികളാക്കും എന്നും ഉള്ള അവിടത്തെ വാഗ്ദാനത്തിലും അധിഷ്ഠിതമാണിത്. ക്രിസ്തുവിന്റെ ഉത്ഥാനത്തിലാണ് ഈ പ്രത്യാശ അതിന്റെ മുന്നോട്ടുള്ള ഗതിശക്തി കണ്ടെത്തുന്നത്. എന്തെന്നാൽ, 'ഈ ലോകം മുഴുവൻ നിറച്ച ഒരു ജീവശക്തി ഉത്ഥാനത്തിനുണ്ട്. എല്ലാം മരണത്തിന് അധീനമായി എന്ന് തോന്നുന്നിടത്ത്

പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉയർന്നുവരുന്നു. അത് ആർക്കും തടുക്കാനാവാത്ത ഒരു ശക്തിയാണ്. ദൈവമില്ലെന്ന് പലപ്പോഴും തോന്നിപ്പോകും. കാരണം, നമുക്ക് ചുറ്റും എല്ലായിടത്തും സ്ഥിരമായ അനീതിയും തിന്മയും നിസ്സംഗതയും ക്രൂരതയും നാം കാണുന്നു. എന്നാൽ, ഇരുട്ടിന്റെ മധ്യത്തിലും പുതിയ എന്തെങ്കിലും ജീവനിലേക്ക് വരുന്നു എന്നതും ഒരു യാഥാർഥ്യമാണ്; അത് പെട്ടെന്നോ പിന്നീടോ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു' (*സുവിശേഷത്തിന്റെ സന്തോഷം* = *Evangelii Gaudium*, 276). പൗലോസ് അപ്പോസ്തലൻ പിന്നെയും നമ്മോട് പറയുന്നു,പ്രത്യാശയാലാണ് നാം രക്ഷിക്കപ്പെട്ടത് (റോമ 8:24). പെസഹാരഹസ്യത്തിൽ പൂർത്തിയാക്കപ്പെട്ട വീണ്ടെടുപ്പ് പ്രത്യാശയുടെ സ്രോതസ്സാണ്. അത് സുനിശ്ചിതവും വിശ്വാസയോഗ്യവുമായ പ്രത്യാശയാണ്; അതുമൂലം നമുക്ക് ഇക്കാലത്തെ വെല്ലുവിളികളെ നേരിടാൻ ആകും.

ആകയാൽ, പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ വിധാതാക്കളും ആയിരിക്കുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ ഉത്ഥാനം എന്ന പാറമേൽ നമ്മുടെ ജീവിതങ്ങൾ പടുത്തുയർത്തുക എന്നത്രേ. അത് നാം ആശ്ലേഷിക്കുകയും ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വിളിക്ക് അനുയോജ്യമായി നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും വ്യർഥമായി തീരുകയില്ല എന്ന ബോധ്യത്തിലേക്ക് നമ്മെ നയിക്കുന്നതാകും. വഴിമധ്യേ പരാജയങ്ങളും തടസ്സങ്ങളും ഉണ്ടായേക്കാം; പക്ഷേ, നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകൾ നിശബ്ദമായി വളർന്നുകൊണ്ടിരിക്കും. ആത്യന്തിക ലക്ഷ്യത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കാൻ ഒന്നിനും സാധിക്കുകയില്ല; അതായത്, ക്രിസ്തുവുമായുള്ള കണ്ടുമുട്ടലും സഹോദരസ്നേഹത്തിൽ നിത്യമായി ജീവിക്കുന്നതിന്റെ ആനന്ദവും എന്ന ലക്ഷ്യം. ഈ ആത്യന്തിക വിളി ഓരോ ദിവസവും നാം മുൻകൂട്ടി അനുഭവിക്കേണ്ടതാണ്; അതായത്, ഇപ്പോൾത്തന്നെ ദൈവമായും നമ്മുടെ സഹോദരീസഹോദരന്മാരുമായും നമുക്കുള്ള സ്നേഹബന്ധം ഐക്യത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റേതുമായ ദൈവത്തിന്റെ സ്വപ്നം നിലവിൽ വരുത്തുന്നതിന്റെ ആരംഭം കുറിക്കുന്നതാണ്. ഒരാൾക്കും ഈ വിളിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകാതിരിക്കട്ടെ. നമുക്ക് ഓരോരുത്തർക്കും, നമ്മുടെതന്നെ എളിയ മാർഗങ്ങളിലൂടെ, നമ്മുടെ ജീവിതാന്തസ്സിന്റെ പ്രത്യേക സാഹചര്യമനു

സരിച്ച്, ആത്മാവിന്റെ സഹായത്തോടെ, പ്രത്യാശയുടെയും സമാധാനത്തിന്റെയും വിത്തുകൾ വിതയ്ക്കുന്നവരായിത്തീരാൻ സാധിക്കും.

**പ്രതിജ്ഞാബദ്ധം ആകാനുള്ള ധൈര്യം**

ഈ പശ്ചാത്തലത്തിൽ, ഞാൻ ആഗോള യുവജനദിനത്തിൽ ലിസ്ബണിൽ പറഞ്ഞതുപോലെ, വീണ്ടും പറയട്ടെ, 'എഴുന്നേൽക്കുവിൻ!' നിദ്രവിട്ട് നമുക്ക് എഴുന്നേൽക്കാം, നിസ്സംഗത നമുക്ക് ഒഴിവാക്കാം; പലപ്പോഴും നാം നമ്മെത്തന്നെ സ്വയം അടച്ചുപൂട്ടുന്ന തടവറയുടെ വാതിലുകൾ നമുക്ക് തുറക്കാം. അങ്ങനെ നമുക്ക് ഓരോരുത്തർക്കും സഭയിലും ലോകത്തിലുമുള്ള നമ്മുടെ ദൈവവിളി കണ്ടെത്തുകയും പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ വിധാതാക്കളും ആയി മാറാം. ജീവിതത്തെക്കുറിച്ച് നമുക്ക് ആവേശഭരിതരാകാം; നാം ജീവിക്കുന്ന ഓരോയിടത്തും നമുക്ക് ചുറ്റുമുള്ളവരെ സ്നേഹപൂർവ്വം ശുശ്രൂഷിക്കുന്നതിന് നമുക്ക് പ്രതിജ്ഞാബദ്ധരാകാം. വീണ്ടും ഞാൻ പറയട്ടെ, 'പ്രതിജ്ഞാ ബദ്ധരാകാനുള്ള ധൈര്യമുണ്ടായിരിക്കുക!' എപ്പോഴും ദരിദ്രരുടെയും അരക്ഷിതരുടെയും ചാരെ നിന്നിരുന്ന സ്നേഹത്തിന്റെ അക്ഷീണനായ അപ്പോസ്തലനായിരുന്ന ഒരെസ്തേ ബെൻസി എന്ന വൈദികൻ പലപ്പോഴും പറയുമായിരുന്നു: ഒന്നും നൽകാൻ കഴിയാത്തവിധം ഒരാളും അത്രയ്ക്ക് നിർധനനല്ല; ഒന്നും സ്വീകരിക്കേണ്ട ആവശ്യമില്ലാത്തവിധം ഒരാളും അത്രയ്ക്ക് ധനവാനും അല്ല.

ആകയാൽ നമുക്ക് എഴുന്നേൽക്കാം; പ്രത്യാശയുടെ തീർഥാടകരായി നമുക്ക് പുറപ്പെടാം; മറിയം എലിസബത്തിനായിരുന്നതുപോലെ, നമുക്ക് സന്തോഷത്തിന്റെ സന്ദേശവാഹകരാകാം; നമുക്ക് പുതുജീവന്റെ സ്രോതസ്സുകളും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ശില്പികളുമാകാം.

ജോൺ ലാറ്ററൻ ദേവാലയം, റോമാ
ഏപ്രിൽ 21, 2024, പെസഹാകാലത്തിലെ നാലാം ഞായർ

**ഫ്രാൻസിസ് പാപ്പാ**

| | | |
|---|---|---|
| | | **മാർച്ച് 2024** |
| 20/03/2024 | | സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ ഹൗസിന്റെ 2023-2024 പ്രവർത്തന വർഷം വിലയിരുത്തിയുള്ള മീറ്റിങ്ങിൽ പങ്കെടുത്തു. |
| 22/03/2024 | | തീർത്ഥാടന കേന്ദ്രമായ എഴുകുംവയൽ കുരിശുമലയിലേക്ക് കാൽനടയായി പാണ്ടിപ്പാറ സെന്റ് ജോസഫ് ദൈവാലയത്തിൽ നിന്നും ആരംഭിച്ച പരിഹാര പ്രദക്ഷിണത്തിന് നേതൃത്വം നൽകുകയും തുടർന്ന് നടന്ന വിശുദ്ധ ബലിയിൽ മുഖ്യ കാർമ്മികത്വം വഹിച്ച് നോമ്പുകാല സന്ദേശം നൽകുകയും ചെയ്തു. |
| 23/03/2024 | | ചേമ്പളം സെന്റ് ജോസഫ് ഇടവകാംഗമായ കൊച്ചുപറമ്പിൽ റോസമ്മ അബ്രാഹത്തിന്റെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | | കോമ്പയാർ ഉണ്ണി മിശിഹാ ഇടവകാംഗമായ പെരിങ്ങല്ലൂർ അന്നമ്മ ചാക്കോയുടെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 24/03/2024 | | വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഓശാന തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 25/03/2024 | | ഇടുക്കി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്കായുള്ള പൊതുമാസ ധ്യാനത്തിൽ പങ്കെടുത്ത് സംസാരിക്കുകയും |

| | | |
|---|---|---|
| | | വിശുദ്ധ മൂറോൻ കൂദാശ കർമ്മത്തിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു. |
| 27/03/2024 | | രാജകുമാരി ദൈവമാതാ തീർത്ഥാടന ദൈവാലയത്തിൽ നാൽപതുമണി ആരാധനയുടെ സമാപനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് ദിവ്യകാരുണ്യ പ്രദ ക്ഷിണം നടത്തുകയും ചെയ്തു. |
| 28/03/2024 | 06.30 am | നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് മേജർ ആർക്കി എപ്പിസ്കോപ്പിൽ തീർത്ഥാടന ദൈവാലയത്തിൽ പെസഹ വ്യാഴ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 29/03/2024 | 07.30 am | തീർത്ഥാടന കേന്ദ്രമായ എഴുകുംവയൽ കുരിശുമലയിൽ ദുഃഖ വെള്ളി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 30/03/2024 | 06.30 am | വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖ ശനി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 31/03/2024 | 03.00 am | രാജാക്കാട് ക്രിസ്തുരാജ ഫൊറോന ദൈവാലയത്തിൽ ഉയിർപ്പ് ഞായർ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | | **ഏപ്രിൽ 2024** |
| 03/04/2024 | 08.00 am | ആനക്കുളം എസ്.ഡി. സന്യാസിനി സമൂഹത്തിന്റെ നവീകരിച്ച ചാപ്പൽ കൂദാശ ചെയ്ത് ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി. |
| 04/04/2024 | 10.30 am | മുണ്ടക്കയം വ്യാകുലമാതാ ഇടവകാംഗമായ പൊട്ടംകുളം ദീപക്കിന്റയും എരുമേലി അസംപ്ഷൻ ഫൊറോന ഇടവകാംഗമായ നമിതയുടെയും വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| 05/04/2024 | 06.30 am | മരിയപുരം എസ്.എ.ബി.എസ്. സന്യാസിനി സമൂഹത്തിന്റെ നവീകരിച്ച ചാപ്പൽ കൂദാശ ചെയ്ത് ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി. |
| | 03.30 pm | ലോവർ കുളമാവ് സെന്റ് തോമസ് ദൈവാലയത്തിൽ തിരുനാൾ കൊടിയേറ്റ് നടത്തി വിശുദ്ധ കുർബാന അർപ്പിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് പുതുതായി നിർമ്മിച്ച സിമിത്തേരി ചാപ്പൽ വെഞ്ചിരിക്കുകയും ചെയ്തു. |
| 06/04/2024 | 06:30 am | മച്ചിപ്ലാവ് കാർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂളിൽ വച്ച് നടന്ന സ്പെഷ്യൽ സ്കൂളിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന്റെ സംഗമത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്നുള്ള സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയും ചെയ്തു. |
| 07/04/2024 | 04.30 pm | നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് നടന്ന കൺവെൻഷന്റെ സമാപനത്തിലും ദൈവകരുണയുടെ തിരുനാൾ, പുതുഞായർ തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു. |
| 08/04/2024 | 09.00 am | 2024-2025 മൈനർ സെമിനാരി ബാച്ചിലേക്കുള്ള വൈദിക വിദ്യാർത്ഥികൾക്കായുള്ള ഇന്റർവ്യൂവിന് നേതൃത്വം നൽകി. |
| 09/04/2024 | 10.30 am | കരുണ ആനിമേഷൻ സെന്ററിൽ വച്ച് നടന്ന രൂപതയിൽ സേവനം ചെയ്യുന്ന സന്യാസിനികളുടെ സംഗമത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. |
| 11/04/2024 | 04.00 pm | നസ്രത്ത് വാലി ഹോളി ഫാമിലി ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശയിൽ മുഖ്യ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| 12/04/2024 | 04.00 pm | ഇരുമ്പുപാലം സെന്റ് ആന്റണീസ് ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെയും പാരിഷ് ഹാളിന്റെയും സിമിത്തേരിയുടെയും വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ച് തുടർന്നുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. |
| 13/04/2024 | 9:00 am | ഇടുക്കി രൂപതയുടെ രജതജൂബിലിയോടനുബന്ധിച്ച് നടത്തപ്പെടുന്ന ജൂബിലി സ്മാരക ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി മച്ചിപ്ലാവിൽ എഫ്.സി.സി. നിർമൽറാണി പ്രോവിൻസിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കപ്പെട്ട ആദ്യഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| | 11:30 am | വാഴത്തോപ്പ് സെന്റ് ജോർജ്ജ് കത്തീഡ്രൽ ഇടവകാംഗമായ വടക്കുപറമ്പിൽ കിരൺ മരിയയുടെയും വാഴക്കുളം സെന്റ് ജോർജ് ഫൊറോന ഇടവകാംഗമായ അക്ഷയുടെയും മനസമ്മതം നടത്തി. |
| 14/04/2024 | 04.30 pm | ആൽപ്പാറ സെന്റ് ജോർജ് ഇടവകയുടെ രജത ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | | തൃശ്ശൂർ ജറുസലേം ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന ഫിയാത്ത് മിഷന്റെ മിഷൻ എക്സിബിഷനിൽ സന്ദർശനം നടത്തി. |
| 15/04/2024 | 09.00 am | ബിഷപ്പ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 19/04/2024 | 03.45 pm | വാഴത്തോപ്പ് കത്തീഡ്രൽ ഇടവകയുടെ തിരുനാൾ ആഘോഷത്തിന് കൊടിയുയർത്തി തുടക്കം കുറിച്ചു. |
| 21/04/2024 | 08.00 am | രാജാപ്പാറ നവീകരിച്ച സെന്റ് ആന്റണീസ് ദൈവാലയം കൂദാശ ചെയ്ത് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| | 05.30 pm | രാജാക്കാട് ക്രിസ്തുരാജ ഫൊറോന ഇടവകയിൽ എത്തിച്ചേർന്ന റവ. ഫാ. മൈക്കിൾ പനച്ചിക്കൽ വി.സിയുടെ നേതൃത്വത്തിലുള്ള അൽമായ കൂട്ടായ്മയുടെ ആറാമത് ക്രിസ്തുരാജത്വ സന്ദേശ റാലിയിൽ പങ്കെടുത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. |
| | 07:30 pm | രാജകുമാരി സെന്റ് മേരിസ് സ്കൂളിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. |
| 22/04/2024 | | ബിഷപ്പ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |

# BISHOP'S ENGAGEMENTS

**മെയ് 2024**

| | |
|---|---|
| 01 | വാഴത്തോപ്പ്, ജോർദ്ദാനിയ മാമ്മോദീസ |
| 02 | രാജാക്കാട് |
| 03 | കൈലാസപ്പാറ |
| | പടമുഖം |
| 04 | മങ്കുവ |
| | കാമാക്ഷി |
| 07 | വാഴത്തോപ്പ് |
| 09 | രാജമുടി |
| 10 | പാറത്തോട് |
| | പനംകുട്ടി |
| 11 | തടിയംപാട്, മൈനർ സെമിനാരി |
| 12 | വെൺമണി |
| | പാലാ |
| 13 | കാഞ്ഞിരപ്പള്ളി |
| 14 | മുരിക്കാശ്ശേരി |
| 15 | തുടങ്ങനാട് |
| 16 | മാവടി |
| 19 | വാഴത്തോപ്പ് |
| 20 | പണിക്കൻകുടി, കുതിരക്കല്ല് |
| 21 | നെടുങ്കണ്ടം, വിൻസന്റ് ഡി പോൾ |
| 22 | തടിയംപാട്, മൈനർ സെമിനാരി |
| 23-31 | Engaged |

## C. 32/24 Monthly Recollection for Priests

മെയ്മാസത്തെ പഠനവിഷയം : YOUCAT 7 മുതൽ 12 വരെയുള്ള നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto Syncellus*

## C. 33/24 Priests' Study Forum

A study forum for all the priests in the eparchy of Idukki is arranged to be held on 22nd May from 10.00 am to 3.00 pm at Atmajyothi Pastoral Centre, Adimaly.

*Chancellor*

## C. 34/24 MAJOR SEMINARI FUND

| | FORANE/CHURCHES | FIXED AMOUNT | 2022-23 | 2023-24 (upto Mar. 31 2024) |
|---|---|---|---|---|
| | **CHURULI FORANE** | | | |
| 1 | ALPARA | 15,000.00 | 15,000.00 | |
| 2 | CHURULI | 40,000.00 | 50,000.00 | 30,000.00 |
| 3 | KANJIKUZHI | 50,000.00 | 25,000.00 | |
| 4 | KEERITHODU | 30,000.00 | 30,000.00 | 30,000.00 |
| 5 | PAZHAYARIKANDAM | 30,000.00 | 20,000.00 | 30,000.00 |
| 6 | THATTEKANNI | 10,000.00 | | |
| 7 | VENMANY | 40,000.00 | 40,000.00 | 40,000.00 |
| | **ERATTAYAR FORANE** | | | |
| 1 | BETHEL | 75,000.00 | 50,000.00 | |
| 2 | CHEMBAKAPPARA | 50,000.00 | 50,000.00 | 50,000.00 |
| 3 | EATTITHOPPU | 30,000.00 | 30,000.00 | |

| | | | | |
|---|---|---|---|---|
| 4 | ERATTAYAR | 100,000.00 | 100,000.00 | 100,000.00 |
| 5 | EZHUKUMVAYAL | 80,000.00 | 80,000.00 | |
| 6 | NANKUTHOTTY | 25,000.00 | | |
| 7 | NAZRATHUVALLEY | 20,000.00 | | |
| 8 | PONNAMALA | 15,000.00 | | |
| 9 | SHANTHIGRAM | 40,000.00 | 25,000.00 | |
| 10 | VAZHAVARA | 50,000.00 | 50,000.00 | |
| | **KOOMBANPARA FORANE** | | | |
| 1 | ADIMALI | 50,000.00 | 10,000.00 | 50,000.00 |
| 2 | AIRAMACRE | 40,000.00 | 40,000.00 | 40,000.00 |
| 3 | IRUMBUPALAM | 25,000.00 | | |
| 4 | KALLAR | 25,000.00 | 25,000.00 | 55,000.00 |
| 5 | KOOMBANPARA | 40,000.00 | 40,000.00 | 40,000.00 |
| 6 | MACHIPLAVU | 40,000.00 | 40,000.00 | |
| 7 | THOKKUPARA | 50,000.00 | 50,000.00 | |
| | **KUNCHITHANNI FORANE** | | | |
| 1 | ALPHONSANAGAR | 15,000.00 | 15,000.00 | 10,000.00 |
| 2 | ANACHAL | 30,000.00 | | |
| 3 | BAISONVALLEY | 20,000.00 | 15,000.00 | 25,000.00 |
| 4 | ELLAKKAL | 40,000.00 | 40,000.00 | |
| 5 | KUNCHITHANNI | 50,000.00 | 25,000.00 | |
| 6 | MARYLAND | 30,000.00 | 30,000.00 | 50,000.00 |
| 7 | MUTTUKADU | 40,000.00 | 40,000.00 | 40,000.00 |
| 8 | POTTANKADU | 40,000.00 | 40,000.00 | 40,000.00 |
| | **MANKULAM FORANE** | | | |
| 1 | ANAKULAM | 20,000.00 | 20,000.00 | 15,000.00 |
| 2 | GEORGIYAR | 15,000.00 | 15,000.00 | 15,000.00 |
| 3 | KANTHALLUR | 10,000.00 | | |

| | | | | |
|---|---|---|---|---|
| 4 | KURISSUPAARA | 20,000.00 | 20,000.00 | |
| 5 | MANKULAM | 40,000.00 | 40,000.00 | 40,000.00 |
| 6 | PALLANADU | 10,000.00 | | |
| 7 | SAHAYAGIRI | 25,000.00 | 25,000.00 | 25,000.00 |
| | **MURIKKASSERY FORANE** | | | |
| 1 | JOSEPURAM | 20,000.00 | 4,510.00 | |
| 2 | KILIYARKANDAM | 40,000.00 | 40,000.00 | |
| 3 | MURIKKASSERY | 80,000.00 | 50,000.00 | 50,000.00 |
| 4 | PERIMCHAMKUTTY | 40,000.00 | 40,000.00 | |
| 5 | RAJAMUDY | 60,000.00 | 60,000.00 | 30,000.00 |
| 6 | RAJAPURAM | 30,000.00 | 30,000.00 | |
| 7 | UPPUTHODU | 60,000.00 | 60,000.00 | 60,000.00 |
| 8 | VATHIKKUDY | 15,000.00 | 15,000.00 | |
| | **NEDUMKANDAM FORANE** | | | |
| 1 | CHEMBALAM | 20,000.00 | 20,000.00 | 20,000.00 |
| 2 | KALLUPALM | 40,000.00 | 40,000.00 | 40,000.00 |
| 3 | KARITHODU | 15,000.00 | 15,000.00 | 15,000.00 |
| 4 | KATTAKKALA | 10,000.00 | 10,000.00 | 10,000.00 |
| 5 | KOMBAYAR | 20,000.00 | 15,000.00 | 20,000.00 |
| 6 | MAILADUMPARA | 50,000.00 | 50,000.00 | 50,000.00 |
| 7 | MANJAPPAARA | 40,000.00 | 40,000.00 | 37,280.00 |
| 8 | MANJAPPETTY | 20,000.00 | | |
| 9 | MAVADY | 40,000.00 | 40,000.00 | 40,000.00 |
| 10 | NEDUMKANDAM | 100,000.00 | 100,000.00 | 100,000.00 |
| 11 | PACHADY | 30,000.00 | 100,000.00 | |
| 12 | PALAR | 30,000.00 | 30,000.00 | 30,000.00 |
| 13 | THOOKKUPALAM | 20,000.00 | 20,000.00 | 20,000.00 |
| | | | | |

| | | | | |
|---|---|---|---|---|
| | **PARATHODU FORANE** | | | |
| 1 | CHINNARNIRAPPU | 15,000.00 | 5,000.00 | |
| 2 | KAILASAM | 30,000.00 | 10,000.00 | 30,000.00 |
| 3 | MANKUVA | 30,000.00 | 30,000.00 | |
| 4 | MUKKUDAM | 30,000.00 | 30,000.00 | |
| 5 | PANAMKUTTY | 30,000.00 | 30,000.00 | |
| 6 | PANICKANKUDY | 50,000.00 | 50,000.00 | 50,000.00 |
| 7 | PARATHODU | 80,000.00 | 80,000.00 | 50,000.00 |
| 8 | THINGALKKADU | 10,000.00 | 10,000.00 | 10,000.00 |
| | **RAJAKKADU FORANE** | | | |
| 1 | CHEMMANNAR | 50,000.00 | 40,000.00 | 50,000.00 |
| 2 | JOSEGIRI | 50,000.00 | 50,000.00 | 50,000.00 |
| 3 | KANTHIPPARA | 30,000.00 | 25,000.00 | 25,000.00 |
| 4 | KARIMALA | 10,000.00 | 10,000.00 | |
| 5 | MURIKKUMTHOTTY | 60,000.00 | 60,000.00 | 60,000.00 |
| 6 | RAJAKKADU | 100,000.00 | 100,000.00 | 100,000.00 |
| 7 | RAJAKUMARY | 100,000.00 | 100,000.00 | |
| 8 | SLEEVAMALA | 30,000.00 | 30,000.00 | 50,000.00 |
| 9 | VATTAPPARA | 15,000.00 | 15,000.00 | 15,000.00 |
| | **THANKAMONY FORANE** | | | |
| 1 | KAMAKSHY | 40,000.00 | 40,000.00 | |
| 2 | KANAKAKKUNNU | 20,000.00 | 25,000.00 | 20,000.00 |
| 3 | KARIKKUMTHOLAM | 10,000.00 | 10,000.00 | |
| 4 | NEELIVAYAL | 25,000.00 | 25,000.00 | 25,000.00 |
| 5 | NELLIPPARA | 40,000.00 | | |
| 6 | PANDIPPARA | 40,000.00 | 40,000.00 | |
| 7 | SNEHAGIRI | 25,000.00 | 25,000.00 | |
| 8 | THANKAMANY | 75,000.00 | 75,000.00 | 75,000.00 |

| | | | | |
|---|---|---|---|---|
| 9 | THOPRANKUDY | 75,000.00 | 40,000.00 | 75,000.00 |
| 10 | UDHAYAGIRI | 50,000.00 | | 50,000.00 |
| | **VAZHATHOPPU FORANE** | | | |
| 1 | ANTOPURAM | 10,000.00 | 10,000.00 | |
| 2 | BHOOMIYAMKULAM | 20,000.00 | 20,000.00 | 20,000.00 |
| 3 | IDUKKI | 20,000.00 | 20,000.00 | 20,000.00 |
| 4 | KARIMBAN | 25,000.00 | 25,000.00 | |
| 5 | KUTHIRAKALLU | 20,000.00 | 20,000.00 | |
| 6 | LOWER KULAMAVU | 10,000.00 | 10,000.00 | 10,630.00 |
| 7 | MANIYARANKUDY | 15,000.00 | 15,000.00 | |
| 8 | MARIYAPURAM | 50,000.00 | 50,000.00 | 25,000.00 |
| 9 | MULAKUVALLY | 10,000.00 | 10,000.00 | 10,000.00 |
| 10 | PAINAVU | 10,000.00 | 20,000.00 | |
| 11 | THANNIKKANDAM | 25,000.00 | | |
| 12 | VAZHATHOPPU | 80,000.00 | 35,000.00 | 80,000.00 |
| 13 | VIMALAGIRI | 40,000.00 | 40,000.00 | |
| | **VELLATHOOVAL FORANE** | | | |
| 1 | CHELLIAMPARA | 20,000.00 | 20,000.00 | 20,000.00 |
| 2 | KALLARKUTTY | 40,000.00 | 35,000.00 | 40,000.00 |
| 3 | KUTHUPARA | 20,000.00 | 20,000.00 | 20,000.28 |
| 4 | PANNIYARKUTTY | 25,000.00 | 12,500.00 | 25,000.00 |
| 5 | PONMUDY | 40,000.00 | 40,000.00 | 40,000.00 |
| 6 | VELLATHOOVAL | 25,000.00 | 25,000.00 | 25,000.00 |
| | **VELLAYAMKUDY FORANE** | | | |
| 1 | CALVARYMOUNT | 60,000.00 | 60,000.00 | |
| 2 | KANCHIYAR | 40,000.00 | 25,000.00 | 40,000.00 |
| 3 | KOZHIMALA | 25,000.00 | 25,000.00 | |
| 4 | MULAKARAMEDU | 30,000.00 | 20,000.00 | 30,000.00 |

| | | | | |
|---|---|---|---|---|
| 5 | NARAKAKKANAM | 40,000.00 | 40,000.00 | 40,000.00 |
| 6 | PEZHUMKANDAM | 25,000.00 | 25,000.00 | |
| 7 | THOVARAYAR | 50,000.00 | 0.00 | 50,000.00 |
| 8 | VELLAYAMKUDY | 100,000.00 | 100,000.00 | 100,000.00 |
| | **TOTAL** | **4,130,000.00** | **35,72,010.00** | **2,462,280.28** |

## C. 35/24 തിരുനാൾ ആശംസകൾ

റവ. ഫാ. ഫിലിപ്പ് ഐക്കര മെയ് 3
റവ. ഫാ. ഫിലിപ്പ് മറ്റം ”
റവ. ഫാ. ഫിലിപ്പ് പാറയ്ക്കൽ ”
റവ. ഫാ. ഫിലിപ്പ് പെരുന്നാട്ട് ”
റവ. ഫാ. ഫിലിപ്പ് താഴത്തുവീട്ടിൽ ”

*Bishop*

# സാന്താ മരിയ സീറോ മലബാർ കാത്തലിക് മിഷൻ, അരുണാചൽ വെസ്റ്റ്

## SA. 07/24 സ്വാഗതം

അരുണാചൽ മിഷനിലേയ്ക്ക് മിഷൻ അനുഭവങ്ങൾ സ്വന്തമാക്കാൻ പ്രായോഗിക പഠനത്തിന്റെ ഭാഗമായി എത്തിയ ബ്രദർ നടക്കൽ, ബ്രദർ പനച്ചിക്കൽ എന്നിവരെ ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

## SA. 08/24 തിരുനാൾ ആഘോഷം

ഗൂംന്തോയിലെ സാന്താമരിയ മിഷൻ സെന്ററിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. 100-ഓളം മലയാളിയായ സീറോമലബാർ വിശ്വാസികൾ പങ്കെടുത്തു. കൊടിയേറ്റ്, നൊവേന, ലദീഞ്ഞ്, കുർബാന സന്ദേശം, പ്രദക്ഷിണം, സ്നേഹവിരുന്ന് ഇവയെല്ലാം കേരളത്തിലെ തിരുനാൾ ആഘോഷങ്ങളെ അനുസ്മരിപ്പിക്കുന്നതായിരുന്നു.

## SA. 09/24 തിരുനാൾ ആഘോഷം

കഴിഞ്ഞ ഒരു വർഷക്കാലം അരുണാചലിലെ വിവിധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്ത് നാട്ടിലേയ്ക്ക് യാത്രയാകുന്ന റീജൻസി ബ്രദേഴ്സിന് (ബ്ര. പാറയ്ക്കൽ, ബ്ര. പുത്തൻപുര, ബ്ര. പാറടിയിൽ, ബ്ര. പുറവക്കാട്ട്) എല്ലാ വിധ പ്രാർത്ഥനാശംസകളും നന്ദിയും നേരുന്നു.

## SA. 10/24 മിഷൻ ഓറിയെന്റേഷൻ പ്രോഗ്രാം

അരുണാചലിൽ ശുശ്രൂഷ ചെയ്യുന്ന സാന്താമരിയ മിഷനിലെ വൈദികർക്കും സിസ്റ്റേഴ്സിനുമായി മൂന്നു ദിവസത്തെ (ഏപ്രിൽ 12 മുതൽ 14 വരെ) മിഷൻ ഓറിയെന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. ബഹു. ജോസ്, റ്റോമി ആനിക്കുഴിക്കാട്ടിൽ അച്ചന്മാരാണ് ഇതിനു നേതൃത്വം നൽകിയത്. കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്താനും തുടർ പ്രവർത്തനങ്ങൾ ചർച്ചചെയ്യാനും ഈ പ്രോഗ്രാമിലൂടെ സാധിച്ചു.

## SA. 11/24 ആശംസകൾ

പാലിൻ ഡോൺ ബോസ്കോ ദൈവാലയത്തിലും വിദ്യാലയത്തിലും ശുശ്രൂഷ ചെയ്യാൻ നിയമിതനായ (16-04-24) ബഹു. അജിത് കൈതാരമച്ചന് എല്ലാ ആശംസകളും നേരുന്നു.

## SA. 12/24 നന്ദി

കഴിഞ്ഞ ഒരു വർഷക്കാലം, അരുണാചൽ (പാലിൻ) മിഷനിലായിരുന്നുകൊണ്ട് നല്ല പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യത്തിനു സാക്ഷ്യം വഹിച്ച്, പഠനത്തിന്റെ ഭാഗമായി നാട്ടിലേയ്ക്ക് യാത്രയാകുന്ന (21-04-24) ബഹു. എബിൻ നരിക്കുഴിയച്ചന് എല്ലാ പ്രാർത്ഥനാശംസകളും നന്ദിയും നേരുന്നു.

## SA. 13/24 സാന്താ മരിയ മിഷൻ കളക്ഷൻ

2023-2024 ധനകാര്യവർഷം ഓരോ ഇടവകകളിൽ നിന്നും സാന്താ മരിയ മിഷൻ (ARUNODAYA CHARITABLE TRUST)ലേക്ക് സംഭാവനയായി നൽകിയ തുക താഴെ കൊടുക്കുന്നു.

| No. | CHURCH NAME | AMOUNT |
|---|---|---|
| 1 | ADIMALI | 25,000.00 |
| 2 | ALPARA | 7,500.00 |
| 3 | ALPHONSA NAGAR (POTHUPARA) | 20,000.00 |
| 4 | ANACHAL | |
| 5 | ANTOPURAM | 13,400.00 |
| 6 | ANAKULAM | 5,000.00 |
| 7 | AYIRAM ACRE | 32,000.00 |
| 8 | BAISONVALLEY | 11,000.00 |
| 9 | BETHEL | 25,000.00 |
| 10 | BHOOMIYAMKULAM | 15,000.00 |
| 11 | CALVARYMOUNT | 18,500.00 |

| | | |
|---|---|---|
| 12 | CHELLIAMPARA | 8,260.00 |
| 13 | CHEMBAKAPPARA | 50,000.00 |
| 14 | CHEMBALAM | 11,360.00 |
| 15 | CHEMMANNAR | 25,000.00 |
| 16 | CHINNAR NIRAPPU | 5,000.00 |
| 17 | CHURULI | 22,500.00 |
| 18 | COMPAYAR | 20,000.00 |
| 19 | EATTITHOPE | 11,000.00 |
| 20 | ELLAKAL | 41,000.00 |
| 21 | ERATTAYAR | 2,00,000.00 |
| 22 | EZHUKUMVAYAL | 20,000.00 |
| 23 | GEORGIAR | 4,000.00 |
| 24 | IDUKKI | 7,500.00 |
| 25 | IRUMPUPALAM | |
| 26 | JOSEGIRI | 50,000.00 |
| 27 | JOSEPURAM | |
| 28 | KAILASAM | 5,000.00 |
| 29 | KALLAR | 10,000.00 |
| 30 | KALLARKUTTY | 12,500.00 |
| 31 | KALLUPALAM | 42,670.00 |
| 32 | KAMASHY | 15,000.00 |
| 33 | KANAKAKKUNNU | 30,000.00 |

| | | |
|---|---|---|
| 34 | KANCHIYAR | 15,000.00 |
| 35 | KANJIKUZHI | 35,500.00 |
| 36 | KANTHIPPARA | 20,000.00 |
| | **ARUNODHAYA MISSION 2023 - 24** | |
| 37 | KARIKKINTHOLAM | 16,000.00 |
| 38 | KARIMBAN | |
| 39 | KARITHODE | 12,000.00 |
| 40 | KATTAKKALA | |
| 41 | KEERITHODE | 17,840.00 |
| 42 | KILIYARKANDAM | 10,000.00 |
| 43 | KOOMPANPARA | 57,000.00 |
| 44 | KORANDAKADU | 2,000.00 |
| 45 | KOZHIMALA | 10,000.00 |
| 46 | KUNCHITHANNI | 25,000.00 |
| 47 | KURISSUPARA | 8,000.00 |
| 48 | KUTHIRAKKALLU | 10,000.00 |
| 49 | KUTHUPARA | 10,005.00 |
| 50 | LOWER KULAMAVU | 12,700.00 |
| 51 | MACHIPLAVU | 20,000.00 |
| 52 | MAILADUMPARA | 20,000.00 |
| 53 | MAJAPPARA | 12,000.00 |
| 54 | MAJAPPETTY | 12,500.00 |

| | | |
|---|---|---|
| 55 | MANIYARANKUDY | 10,410.00 |
| 56 | MANKULAM | 1,00,111.00 |
| 57 | MANKUVA | 5,000.00 |
| 58 | MARIYAPURAM | 36,880.00 |
| 59 | MARYLAND | 6,000.00 |
| 60 | MAVADY | 50,000.00 |
| 61 | MUKKUDAM | 25,000.00 |
| 62 | MULAKRA MEDU | 5,000.00 |
| 63 | MULAKUVALLY | 7,500.00 |
| 64 | MURIKKASSERY | 35,000.00 |
| 65 | MURIKKINTHOTTY | 40,000.00 |
| 66 | MUTTUKADU | 10,000.00 |
| 67 | NANKUTHOTTY | |
| 68 | NARAKAKKANAM | 20,000.00 |
| 69 | NAZARATH VALLEY | |
| 70 | NEDUMKANDAM | 38,000.00 |
| 71 | NEELIVAYAL | 15,590.00 |
| 72 | NELLIPPARA | |
| 73 | PACHADY | 23,700.00 |
| 74 | PAINAVU | 10,000.00 |
| 75 | PALAR | 50,500.00 |
| 76 | PANAMKUTTY | 20,150.00 |

| | | |
|---|---|---|
| 77 | PANDIPPARA | 10,000.00 |
| 78 | PANICKANKUDY | 17,000.00 |
| 79 | PANNIYARKUTTY | |
| 80 | PARATHODE | 65,000.00 |
| 81 | PAZHAYARIKANDAM | 5,000.00 |
| 82 | PERIMCHAMKUTTY | 6,000.00 |
| 83 | PEZHUMKANDAM | 5,000.00 |
| 84 | PONMUDY | 25,000.00 |
| 85 | PONNAMALA | |
| 86 | POTTANKADU | 30,000.00 |
| 87 | RAJAKKADU | 1,00,000.00 |
| 88 | RAJAKUMARI | 2,26,000.00 |
| 89 | RAJAMUDY | 50,000.00 |
| 90 | RAJAPURAM | 6,350.00 |
| 91 | SAHAYAGIRI | 22,550.00 |
| 92 | SANTHIGRAM | 20,000.00 |
| 93 | SLEEVAMALA | 27,700.00 |
| 94 | SNEHAGIRI | |
| 95 | THANKAMANI | 1,00,000.00 |
| 96 | THANNIKKANDAM | |
| 97 | THATTEKKANNI | |
| 98 | THINKALKKADU | 14,000.00 |

| | | |
|---|---|---|
| 99 | THOKKUPARA | 21,850.00 |
| 100 | THOOKKUPALAM | 5,000.00 |
| 101 | THOPRANKUDY | 40,000.00 |
| 102 | THOVARAYAR | 20,000.00 |
| 103 | UDAYAGIRI | 40,000.00 |
| 104 | UPPUTHODE | 30,000.00 |
| 105 | VATHIKUDY | 19,350.00 |
| 106 | VATTAPPARA | 5,000.00 |
| 107 | VAZHATHOPE | 1,00,000.00 |
| 108 | VAZHAVARA | 50,000.00 |
| 109 | VELLATHOOVAL | 30,000.00 |
| 110 | VELLAYAMKUDY | 1,00,000.00 |
| 111 | VENMANI | 22,000.00 |
| 112 | VIMALAGIRI | 10,000.00 |
| 113 | MAR. EPHREM MINOR SEMINARY | 80,000.00 |
| | **TOTAL** | **28,95,376.00** |

# സന്ന്യസ്തർ

## 1. അഗതികളുടെ സഹോദരിമാരുടെ സന്ന്യാസിനീ സമൂഹം (SD)

❖ മാർച്ച് 27-ാം തീയതി സി. ജിസാറാണി, സി. ലിസറ്റ് എന്നിവരുടെ നേതൃത്വത്തിൽ എസ് ഡി സഹോദരിമാർ ദേവികുളം ജയിൽ സന്ദർശിച്ച് പ്രാർത്ഥിച്ചു.

❖ പുതിയതായി തിരഞ്ഞെടുത്ത ശാഖാ ഭവനങ്ങളിലെ സുപ്പീരിയേഴ്സിന് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മദർ കൊച്ചുറാണി പ്രാർത്ഥന ആശംസകൾ നേരുകയും അനുമോദിക്കുകയും ചെയ്തു.

❖ ഈ വർഷം അധ്യാപന ജീവിതത്തിൽ നിന്നും വിരമിക്കുന്ന സി. സുശാന്തി, സി. അഞ്ജന, സി. സ്മിതാ മരിയ എന്നിവർക്ക് ആശംസകൾ നേർന്നു.

❖ നെടുംകണ്ടത്ത് വച്ച് നടന്ന സമർപ്പിത സംഗമത്തിൽ 9, 10 തീയതികളിലായി എസ്.ഡി. സഹോദരിമാർ പങ്കെടുത്തു

❖ കരിമ്പൻ പള്ളിയിൽ വച്ച് നടന്ന ദൈവവിളി പ്രോത്സാഹന സമ്മേളനത്തിൽ എസ് ഡി സഭയെ പ്രതിനിധീകരിച്ച് സി. മെർലിൻ റോസ് ദൈവവിളി ഷെയർ ചെയ്തു പ്രസന്റേഷൻ നടത്തി.

❖ പാലക്കാട് രൂപതയിൽ വച്ച് നടന്ന വൈദിക സമർപ്പിത സംഗമത്തിൽ അഡ്വക്കേറ്റ് സി. ജോസിയ എസ് ഡി ദൈവവിളിയുടെ മഹത്വത്തെക്കുറിച്ച് പ്രസംഗിച്ചു.

## 2. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വട്ടവടയിൽ വനിതാ സംരംഭകരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഏകദിന ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടു. ചങ്ങനാശ്ശേരി പ്രോവിൻസിലെ സി. ക്രിസ്റ്റി മരിയ ട്രെയിനിംഗിന് നേതൃത്വം നല്കി.

❖ മാർച്ച് 19-ാം തീയതി ചെങ്കുളം ആവില ഒ.സി.ഡി. ആശ്രമത്തിൽ വച്ച് മേജർ സെമിനാരി പ്രൊഫസേഴ്സിനായി നടത്തിയ സെമി

നാറിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ മാർച്ച് 23-ാം തീയതി രൂപതയുടെ ആഭിമുഖ്യത്തിൽ നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് രൂപതയിലെ വിവിധ സന്യാസിനീ സമൂഹങ്ങളിലെ മദർ സുപ്പീരിയേഴ്സിനായി നടത്തിയ മദർ സുപ്പീരിയേഴ്സ് മീറ്റിൽ നമ്മുടെ ലോക്കൽ സുപ്പീരിയേഴ്സ് സംബന്ധിച്ചു.

❖ നാല്പതാം വെള്ളിയാഴ്ച രൂപതയുടെ ആഭിമുഖ്യത്തിൽ എഴുകുംവയൽ കുരിശുമലയിലേക്ക് വിവിധ കേന്ദ്രങ്ങളിൽ നിന്ന് നടത്തിയ കാൽനട തീർത്ഥാടനത്തിലും വി. കുർബാനയിലും ദു:ഖവെള്ളിയാഴ്ച എഴുകുംവയൽ കുരിശുമലയിലേക്ക് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ നേതൃത്വത്തിൽ നടത്തിയ പരിഹാര പ്രദക്ഷിണത്തിലും തിരുക്കർമ്മങ്ങളിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.

❖ ചെങ്കുളം ആവില ഇക്കോ-സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് ഏപ്രിൽ 1 മുതൽ 4 വരെ മേജർ സുപ്പീരിയേഴ്സിനും കൗൺസിലേഴ്സിനും വേണ്ടി നടത്തപ്പെട്ട ഇന്റെൻസീവ് പ്രോഗ്രാമിൽ സി. കൊച്ചുറാണി പന്നയ്ക്കൽ എസ് എച്ച്, സി. ആൻ മേരി കീരംചിറ എസ് എച്ച്, സി. ആനീസ് ഇലവുംകുന്നേൽ എസ് എച്ച് എന്നിവർ സംബന്ധിച്ചു.

❖ ഏപ്രിൽ 5-ാം തീയതി കാക്കനാട് സി.എം.ഐ. ജനറലേറ്റിൽ വച്ച് നടത്തിയ എസ്.എം.ആർ.സി.യുടെ ജനറൽ ബോഡി മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ. സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ് എച്ച് സംബന്ധിച്ചു.

❖ തിരുഹൃദയസന്യാസിനീ സമൂഹത്തിന്റെ സ്ഥാപകൻ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ കബറിടത്തിൽ വച്ച് മാർച്ച് 27-ാം തീയതി രാവിലെ 11 മണിക്ക് ഇടുക്കി പ്രോവിൻസിന്റെ നേതൃത്വത്തിൽ നടന്ന വി. കുർബാനയിൽ നെടുങ്കണ്ടം സോണിലെ സിസ്റ്റേഴ്സും ഇടവകാംഗങ്ങളും സംബന്ധിച്ചു.

### 3. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)

- ❖ നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി സെന്ററിൽ വച്ച് വിവിധ ദിനങ്ങളിലായി നടന്ന ഇടുക്കി രൂപതയിലെ സന്യാസിനിമാരുടെ സംഗമത്തിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- ❖ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടന്ന ഇടുക്കി രൂപതാ രണ്ടാമത് എഴുകുംവയൽ കുരിശുമല കാൽനട തീർത്ഥാടനത്തിൽ ധാരാളം സിസ്റ്റേഴ്സ് സംബന്ധിച്ചു.
- ❖ വികർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ടിന്റെ നേതൃത്വത്തിലുള്ള ജയ്മാതാ ധ്യാന ടീം വാത്തിക്കുടി ഇടവകയിലെ കുട്ടികൾക്ക് രണ്ട് ദിവസത്തെ ക്യാമ്പ് നടത്തി.
- ❖ ജയ്മാതാ സോഷ്യൽ അപ്പസ്റ്റോലേറ്റിന്റെ ഭാഗമായി നിർദ്ധന കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം നൽകി.
- ❖ മരിയാപുരം മഠത്തിന്റെ പുതുക്കിപ്പണിത ചാപ്പലിന്റെ വെഞ്ചിരിപ്പ് കർമ്മം ഏപ്രിൽ അഞ്ചാം തീയതി ഇടുക്കി രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നിർവ്വഹിച്ചു.
- ❖ പാലാരിവട്ടം POC യിൽ വച്ച് ഏപ്രിൽ 5 മുതൽ 7 വരെ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടന്ന "Communion For Sisters" പ്രോഗ്രാമിൽ 4 സിസ്റ്റേഴ്സ് സംബന്ധിച്ചു.
- ❖ കരിമ്പൻ സെന്റ് മേരീസ് പള്ളിയിൽ വച്ച് ഏപ്രിൽ 6-ാം തീയതി നടന്ന ദൈവവിളി സംഗമത്തിൽ സിസ്റ്റേഴ്സിനോടൊപ്പം സന്യാസ പരിശീലനത്തിൽ ആയിരിക്കുന്ന കുട്ടികളും സംബന്ധിച്ചു.
- ❖ സി. റ്റിംസി മ്ലാക്കുഴിയിൽ, സി. റ്റോംസി മ്ലാക്കുഴിയിൽ, സി. ആൽബി വേലിക്കകത്ത് എന്നിവരുടെ നിത്യവൃതം ഏപ്രിൽ പത്താം തീയതി ആലുവയിലുള്ള എസ്.എ.ബി.എസ് ജനറലേറ്റിൽ വച്ച് നടന്നു.
- ❖ സി. റെയ്സി കല്ലൂർ, സി. റോസ്മിൻ പടിഞ്ഞാറയിൽ, സി. പാവന കൊച്ചുമുട്ടം സി. ലിസ്ബിൻ പനച്ചിക്കൽ സി. മരിയ ആലാനിക്കൽ സി. ആൻസിറ്റാ പൂവത്തോലിൽ എന്നിവരുടെ സന്യാസ സമർപ്പണത്തിന്റെ രജത ജൂബിലി ഏപ്രിൽ 17-ാം തീയതി വാഴത്തോപ്പ് കത്തീഡ്രലിൽ വച്ച് ഇടുക്കി രൂപതാ വികാരി ജനറാൾ വെരി. റവ. മോൺ. ജോസ് പ്ലാച്ചിക്കലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

**4. നസ്രത്ത് സന്ന്യാസിനീ സമൂഹം (CSN)**

❖ നമ്മുടെ നഴ്സിംഗ് സ്കൂളിലെ 50 തോളം യൂത്ത് കുട്ടികൾ ആലുവ ജീവസിൽ വച്ചു നടത്തിയ ധ്യാനത്തിൽ പങ്കെടുത്തു. Srs. ഡെൽമ & കാരുണ്യ നേതൃത്വം നൽകി.

❖ എഴുകുംവയൽ, മലയാറ്റൂർ കുരിശുമലകളിൽ പരിഹാരമനോഭാവം കയറി പ്രാർത്ഥിച്ചു.

❖ രൂപത നടത്തിയ സമർപ്പിത സംഗമത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ നാലുമുക്ക് ദൈവാലയ കൂദശയിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ എഴുകുംവയൽ ഇടവകയിൽ കുട്ടികൾക്കായി 5 ദിവസത്തെ ക്രിസ്റ്റീൻ ധ്യാനം നടത്തി. പ്രൊവിൻഷ്യൽ സൂപ്പരിയറിന്റെ നേതൃത്വത്തിൽ 12 CSN സിസ്റ്റേഴ്സ് ധ്യാനത്തിനു നേതൃത്വം നൽകി. ഏകദേശം 450 തോളം കുട്ടികൾ പങ്കെടുത്തു. വികാരിയച്ചന്റെയും കൈക്കാരൻമാരുടെയും മേൽനോട്ടത്തിൽ നടത്തിയ ഈ ധ്യാനം നല്ലൊരു അനുഭവമായിരുന്നു.

❖ ഇടുക്കി രൂപത നടത്തിയ 'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' എന്ന ദൈവവിളി പ്രോത്സാഹന ക്യാമ്പിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. സി. മരിയന്ന, CSN Congregation നെ പ്രതിനിധികരിച്ചു സംസാരിച്ചു.

❖ എഴുകുംവയൽ ഇടവകയിലെ പാലിയേറ്റിവ് ശുശ്രുഷകൻ ആയിരുന്ന പുതുശ്ശേരിയിൽ ഷാജി തോമസിന്റെ സംസ്കാര ശുശ്രുഷയിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

**5. കർമ്മല മാതാവിന്റെ സന്ന്യാസിനീ സമൂഹം (CMC)**

❖ പാറത്തോട് ഇടവകയിൽ ഹോം മിഷൻ ടീമിന്റെ നേതൃത്വത്തിൽ ഭവന സന്ദർശനം, പ്രാർത്ഥന, വാർഷിക ധ്യാനത്തിനായി പ്രചോദിപ്പിക്കുക, അനുരഞ്ജന കൂദാശയ്ക്കായി ഒരുക്കൽ, കൗൺസിലിംഗ്, പ്രശ്നപരിഹാരത്തിനായി സാഹചര്യമൊരുക്കുക എന്നിവ നടന്നു.

❖ കൂമ്പൻപാറ ഇടവകയിൽ 5 മുതൽ 9 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി 2 ദിവസത്തെ ക്യാമ്പ് നടന്നു. പ്രോവിൻസിലെ ക്രിസ്റ്റീൻ ടീം നേതൃത്വം നൽകി.

❖ കൈലാസം ഇടവകയിലെ സൺഡേസ്കൂളിലെ ഉണ്ണിയീശോ കളരി മുതൽ 12-ാം ക്ലാസ്സു വരെ പഠിക്കുന്ന കുട്ടികൾക്കായി 3 ദിവസത്തെ ധ്യാനവും ദൈവവിളി ക്ലാസ്സുകളും നടന്നു. വളരെ നന്നായി ആഗ്രഹത്തോടെ ഇടവകയിലെ മുഴുവൻ കുട്ടികളും പങ്കെടുത്തു.

❖ CMC ജനറലേറ്റിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 3 മുതൽ 6 വരെയുള്ള തീയതികളിൽ സ്പെഷ്യൽ സ്കൂളുകളിൽ പഠിപ്പിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി മച്ചിപ്ലാവ് കാർമൽജ്യോതി സ്പെഷ്യൽ സ്കൂളിൽ വച്ച് നടത്തിയ 3 ദിവസത്തെ സെമിനാറിൽ ആറാം തീയതി അഭിവന്ദ്യ പിതാവ് മാർ ജോൺ നെല്ലിക്കുന്നേൽ വിശുദ്ധ ബലി അർപ്പിക്കുകയും തുടർന്ന് സന്ദേശം നൽകുകയും ചെയ്തു. കേരളത്തിലും മിഷനിലുമായി പ്രവർത്തിച്ചുവരുന്ന 22 സ്പെഷ്യൽ സ്കൂളുകളിൽ നിന്നും 93 സിസ്റ്റേഴ്സ് പങ്കെടുത്തു. ജനറൽ കൗൺസിലർ സി. അനൂപാ മാത്യൂസ്, ഇടുക്കി പ്രൊവിൻഷ്യൽ കൗൺസിലർ സി. പ്രീതി എന്നിവർ നേതൃത്വം നൽകി.

❖ മാർച്ച് 28 മുതൽ ഏപ്രിൽ 1 വരെ ഡൽഹിയിൽ വച്ച് നടത്തിയ സ്പെഷ്യൽ ഒളിമ്പിക്സ് നാഷണൽ ജൂഡോ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് മച്ചിപ്ലാവ് കാർമൽജ്യോതി സ്പെഷ്യൽ സ്കൂളിലെ മുരുകൻ ബി. പങ്കെടുക്കുകയും സ്വർണ്ണമെഡൽ നേടുകയും ചെയ്തു.

❖ വനിതാ ദിനത്തോടനുബന്ധിച്ച് ഇടുക്കി വനിതാ ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യസേവന രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള അവാർഡിന് മച്ചിപ്ലാവ് കാർമൽജ്യോതി സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ സി. ബിജി ജോസിനെ തിരഞ്ഞെടുത്ത് അവാർഡ് നൽകി.

## 6. ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹം (FCC)

❖ മുരിക്കാശ്ശേരി അൽഫോൻസ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ജോസ്പുരം ഇടവകയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.

❖ ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ നാൽപ്പതാം വെള്ളിയാഴ്ച എഴുകുംവയൽ കുരിശുമലയിലേക്ക് നടത്തിയ പരിഹാര പ്രദക്ഷിണത്തിൽ വിവിധ ഭവനങ്ങളിൽ നിന്നുമുള്ള ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് ലോക്കൽ സുപ്പീരിയേഴ്സിനായി നടത്തിയ മീറ്റിംഗിൽ ഇടുക്കി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ ഭവനങ്ങളിലെയും ലോക്കൽ സുപ്പീരിയേഴ്സ് പങ്കെടുത്തു.

❖ ചെറുപുഷ്പ മിഷൻലീഗിന്റെയും ഇടുക്കി രൂപതാ വൊക്കേഷൻ പ്രമോഷന്റെയും നേതൃത്വത്തിൽ കരിമ്പൻ പള്ളിയിൽ വച്ച് നടത്തിയ രൂപതാതല ദൈവവിളി സംഗമത്തിൽ വിവിധ ഇടവകകളിൽ നിന്നും സന്യാസാഭിമുഖ്യമുള്ള കുട്ടികളെ കണ്ടെത്തി പങ്കെടുപ്പിച്ചു. 2023 ൽ സഭാ വസ്ത്രം സ്വീകരിച്ച ജൂണിയർ സിസ്റ്റേഴ്സ് ഈ മീറ്റിങ്ങിൽ പങ്കെടുത്ത് അനുഭവങ്ങൾ പങ്കുവച്ചു.

❖ നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് ഏപ്രിൽ 09, 10 തീയതികളിൽ നടത്തിയ സമർപ്പിത സംഗമത്തിൽ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ ആദ്യത്തെ ജൂബിലി സ്മാരക ഭവനം ആശീർവദിച്ചു. ഇടുക്കി രൂപതയുടെ രജതജൂബിലിയോടനുബന്ധിച്ച് നടത്തപ്പെടുന്ന ജൂബിലി സ്മാരക ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി മച്ചിപ്ലാവിൽ ഒരു ഭവനം ദൈവാനുഗ്രഹത്താൽ പൂർത്തിയാക്കുവാൻ നിർമ്മൽ റാണി പ്രോവിൻസിന് കഴിഞ്ഞു. ഈ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമ്മം ഇടുക്കി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ നിർവഹിച്ചു. പെരിയ ബഹു. മോൺ. ജോസ് പ്ലാച്ചിക്കൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ, കൗൺസിലേഴ്സ് എന്നിവരും ഏതാനും സമീപവാസികളും ഈ ചടങ്ങുകളിൽ പങ്കെടുത്തു.

❖ കരിമ്പൻ മഠത്തിൽ വച്ച് സന്യാസ ആഭിമുഖ്യമുള്ള കുട്ടികൾക്കായി മഡോണ ധ്യാനം നടത്തി. സി. ബിൻസ് മരിയ, സി. സിജി ക്ലെയർ എന്നിവർ ഈ പ്രോഗ്രാമിന് നേതൃത്വം നൽകി.

## CJ. 17/24 മതാധ്യാപക വാർഷിക കൺവൻഷൻ

പന്തക്കുസ്ത തിരുനാൾ ദിവസമായ 2024 മെയ് 19-ാം തീയതി ഞായറാഴ്ച മതാധ്യാപക വാർഷിക കൺവൻഷൻ നടത്തപ്പെടുന്നു. അന്നേ ദിവസം 25 വർഷം പൂർത്തിയാക്കിയിട്ടുള്ളവർക്കുള്ള മതാദ്ധ്യാപക അവാർഡ്, ലോഗോസ് ക്വിസ് രൂപതാതല വിജയികൾക്കുള്ള അവാർഡ്, YES ട്രെയിനിംഗ് പൂർത്തിയാക്കിയവർക്കുള്ള അവാർഡ് മുതലായ അവർഡുകൾ നൽകുന്നതായിരിക്കും. കൂടാതെ മിഷൻ ലീഗ് രൂപതാ ഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങുകളും ഉണ്ടായിരിക്കുന്നതാണ്. കൺവൻഷൻ നടത്തപ്പെടുന്ന സ്ഥലവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## CJ. 18/24 സൺഡേ സ്കൂൾ പ്രവർത്തന വർഷാരംഭം (2024-25)

2024-25 പ്രവർത്തന വർഷത്തേക്കുള്ള സൺഡേ സ്കൂൾ ആരംഭിക്കേണ്ടത് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ദിവസമായ മെയ് 26 ഞായറാഴ്ചയാണ്. അന്നേ ദിവസം കുട്ടികൾക്ക് ക്ലാസ്സ് കയറ്റം കൊടുക്കുകയും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ഈ പ്രവർത്തന വർഷത്തെ മുന്നോട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും വേണം. എല്ലാവർക്കും പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ മംഗളങ്ങൾ ആശംസിക്കുകയും ചെയ്യുന്നു.

## CJ. 19/24 പാഠപുസ്തക വിതരണം

ഉണ്ണീശോ കളരി മുതൽ 12-ാം ക്ലാസ്സു വരെയുള്ള പാഠപുസ്തകങ്ങൾ വിതരണത്തിനു തയ്യാറായിട്ടുണ്ട്.

## CJ. 20/24 പ്രവേശനോത്സവം - 2024

ഒന്നാം ക്ലാസ്സിലേയ്ക്കുള്ള കുട്ടികളുടെ പ്രവേശനോത്സവം ജൂൺ 2-ാം തീയതി ഞായറാഴ്ച നടത്തുവാൻ ശ്രദ്ധിക്കണം.

## CJ. 21/24 YES BATCH TRAINING

2024 ഏപ്രിൽ മാസത്തിൽ നടത്തപ്പെട്ടതും മെയ് മാസത്തിൽ

നടത്തപ്പെടുന്നതുമായ YES Batch Training ന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| Batch | Date | Place | Other Details |
|---|---|---|---|
| St. James | ഏപ്രിൽ 9, 10, 11, 12 | നെടുംകണ്ടം | 9 ന് 04.00 pm ന് നെടുംകണ്ടം സെന്റ് സെന്റ് സെബാസ്റ്റ്യൻ സ്കൂളിൽ എത്തിച്ചേരണം.12-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിയോടു കുടി ക്യാമ്പ് അവസാനിക്കുന്നതാണ്. രാത്രി സ്റ്റേ ചെയ്യുന്നത് കരുണ ധ്യാനകേന്ദ്രത്തിൽ ആയിരിക്കും. |
| St. Simon | ഏപ്രിൽ 15, 16, 17 | തൂക്കുപാലം | 15 ന് തിങ്കളാഴ്ച 04.00 pm ന് തൂക്കുപാലം വിജയമാത പബ്ലിക്ക് സ്കൂളിൽ എത്തിചേരുക. 17-ാം തീയതി 02.00 pm ന് അവിടെ ഈ കുട്ടികളുടെ മാതാപിതാക്കളും എത്തിച്ചേരണം. 04.00 pm ന് ക്യാമ്പ് അവസാനിക്കുന്നതാണ്. |
| St. Philp A | ഏപ്രിൽ 15, 16, 17 | കരിമ്പൻ | 15 ന് 10.00 am ന് കരിമ്പൻ പള്ളിക്കു സമീപമുള്ള സെന്റ് തോമസ് സ്കൂളിൽ എത്തിച്ചേരുക. 17-ാം തീയതി 10.00 am ന് ക്യാമ്പ് അവസാനിക്കുന്നതാണ്. |
| St. Philp B | ഏപ്രിൽ 18, 19, 20 | ഇരട്ടയാർ | 18 ന് 10.00 am ന് ഇരട്ടയാർ പള്ളിക്കു സമീപമുള്ള സെന്റ് തോമസ് സ്കൂളിൽ എത്തിച്ചേരുക. 20-ാം തീയതി 10.00 am ന് ക്യാമ്പ് അവസാനിക്കുന്നതാണ്. |
| New Batch (St. Jacob) A | ഏപ്രിൽ 27, 28, 29 | ഇരട്ടയാർ | 27 ന് 10.00 am ന് ഇരട്ടയാർ പള്ളിക്കു സമീപമുള്ള സെന്റ് തോമസ് സ്കൂളിൽ എത്തിച്ചേരുക. 29-ാം തീയതി 11.00 am ന് ക്യാമ്പ് അവസാനിക്കുന്നതാണ്. |
| St. Thomas | ഏപ്രിൽ 30, മെയ് 1, 2 | ആനക്കുളം | 30 ന് രാവിലെ 09.30 am ന് അടിമാലി ആത്മജ്യോതിയിൽ എത്തിച്ചേരുക. മെയ് 2-ാം തീയതി രാവിലെ കുർബാനയ്ക്കു ശേഷം ക്യാമ്പ് ആനക്കുളത്ത് അവസാനിക്കുന്നതാണ് |

| | | | |
|---|---|---|---|
| New Batch (St. Jacob) B | മെയ് 1, 2, 3 | കൂമ്പൻപാറ | മെയ് 1 ന് രാവിലെ 09.30 ന് എത്തിച്ചേരുക. മെയ് 3 ന് രാവിലെ 11.00 മണിക്ക് അവസാനിക്കുന്നതാണ് |
| St. Mathews | മെയ് 8, 9, 10, 11 | പൈനാവ് | മെയ് 8-ാം തീയതി വൈകിട്ട് 04.00 ന് വാഴത്തോപ്പ് കത്തീഡ്രൽ പള്ളിയിൽ എത്തിച്ചേരുക. മെയ് 11-ാം തീയതി ഉച്ച കഴിഞ്ഞ് രണ്ടുമണിക്ക് സമാപിക്കും. |
| St. Andrews | മെയ് 9, 10, 11, 12 | കരിമ്പൻ | മെയ് 9 ന് വൈകിട്ട് നാലുമണിക്ക് എത്തിച്ചേരുക. മെയ് 12 ന് ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് സമാപിക്കും. |

## CORPORATE EDUCATIONAL AGENCY

### Edn. 17/24 അധ്യാപക നിയമനം

കരിമ്പൻ - ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ 2024-25 അധ്യയന വർഷത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് അപേക്ഷ സ്വീകരിക്കുന്നു. ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഗണിതശാസ്ത്രം, ഊർജതന്ത്രം, രസതന്ത്രം, ബോട്ടണി, സുവോളജി, കംപ്യൂട്ടർ സയൻസ്, ഇക്കണോമിക്സ്, ഹിസ്റ്ററി, കൊമേഴ്സ്, ഗാന്ധിയൻ സ്റ്റഡീസ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, സോഷ്യൽ വർക്ക് എന്നീ വിഷയങ്ങളിലാണ് ഒഴിവ്. നിശ്ചിതയോഗ്യതയുള്ളവർ 2024 മെയ് 08-നകം രൂപത വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്നും ലഭിക്കുന്ന ഫോമിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇന്റർവ്യൂ സംബന്ധിച്ച വിവരങ്ങൾ വാട്സാപ് വഴി അറിയിക്കുന്നതായിരിക്കും.

### Edn. 18/24 അധ്യാപക സെമിനാർ

ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന എല്ലാ അധ്യാപകർക്കുമായി ഒരു ഏകദിന സെമിനാർ നടത്തപ്പെടുന്നു. മെയ്മാസം 29, 30 തീയതികളിൽ ഇരട്ടയാർ, മുരിക്കാശ്ശേരി എന്നീ സെന്ററുകളിൽവച്ച്

നടത്തുന്ന സെമിനാറിൽ എല്ലാ അധ്യാപകരും സൗകര്യപ്രധമായ ഏതെങ്കിലും ഒരു സെന്ററിൽ പങ്കെടുക്കേണ്ടതാണ്.

## പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

### PCM. 31/24 19/03/2024 CALYPSO 2024

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ റവ. ഡോ. തോമസ് പെരിയപ്പുറത്തച്ചൻ ഏർപ്പെടുത്തിയ ഇന്റർ കോളേജ് ക്വിസ് മത്സരം CALYPSO യിൽ ഒന്നാം സ്ഥാനം ന്യൂമാൻ കോളേജും രണ്ടാം സ്ഥാനം JPM B Ed കോളേജും കരസ്ഥമാക്കി.

### PCM. 32/24 പാലിയേറ്റീവ് ഹോം കെയർ

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ NSS ന്റെ നേതൃത്വത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ പാലിയേറ്റീവ് ഹോം കെയർ നടത്താൻ തീരുമാനിച്ചു.

### PCM. 33/24 12/04/2024 - 15/04/2024 NAAC File Verification

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ NAAC വിസിറ്റിന്റെ ഭാഗമായി QMG 1, QMG 2 ന്റെ എല്ലാ ഫയൽ വർക്കുകളുടെയും രജിസ്റ്ററുകളുടെയും വേരിഫിക്കേഷൻ ഏപ്രിൽ 12, 15 തീയതികളിൽ എല്ലാ ഡിപ്പാർട്ട്മെന്റിലും നടത്തി.

## മാർ സ്ലീവാ കോളേജ്, രാജമുടി

### MSC 22/24 BBA, BCA കോഴ്സുകൾക്ക് AICTE Approval

**കരസ്ഥമാക്കി ഉയരങ്ങളിലേക്ക് കരുത്തോടെ മാർസ്ലീവ കോളേജ്**

Mar Sleeva College of Arts and Science, Murickassery ക്ക് ഓൾ ഇന്ത്യ കൗൺസിൽ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന്റെ (AICTE) അംഗീകാരം ലഭിച്ചു. കോളേജിന്റെ പശ്ചാത്തലം, അടിസ്ഥാന സൗകര്യങ്ങൾ, മാനേജ്മെന്റ് മികവ്, വിവിധ മൂല്യ വർദ്ധിത കോഴ്സുകൾ, തൊഴിലധിഷ്ഠിത കോഴ്സുകൾ, വിജയശതമാനം, ക്യാമ്പസ് റിക്രൂട്ട്

മെന്റ്, ഓൺലൈൻ കോഴ്സുകൾ, തുടങ്ങിയവ പരിഗണിച്ചാണ് അംഗീകാരം. കോളേജിന്റെ അക്കാദമിക്ക് മികവിനുള്ള അംഗീകാര മാണിത്.

# സോഷ്യൽ സർവ്വീസ്

## SS 22/24 സ്ത്രീ സുരക്ഷ, ആരോഗ്യം, ക്ഷേമം –സെമിനാർ

യു.എൻ. വുമൺ, ബിന്ദി ഇന്റർനാഷണൽ, വയനാട് സോ ഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സംഘടനകളുടെ സഹായ ത്തോടെ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി സ്ത്രീ സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലൂടെ നടത്തുന്ന സെമിനാറുക ളുടെ തുടർച്ചയായി ഇരുപതേക്കർ, പമ്പ്ഹൗസ്, കുഞ്ചിത്തണ്ണി, എല്ലക്കൽ, ചൊക്രമുടി, ഇരുട്ടള, ദേശീയം, പൊട്ടൻകാട്, ആന്റോ പുരം, ആൽപ്പാറ, കീരിത്തോട്, മുളകുവള്ളി, ഈച്ചാംപെട്ടി, ഇരുട്ടള ക്കുടി,തായന്നംകുടി, നസ്രത്തുവാലി എന്നിവിടങ്ങളിൽ സെമിനാറു കൾ നടത്തി ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി. സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, പ്രോജക്ട് കോർഡിനേറ്ററായ ശ്രീ. ബിജോ ഇളംതുരുത്തിയിൽ, ശ്രീമതി കുഞ്ഞമ്മ തോമസ്, ശ്രീമതി ആഗ്നസ് മാത്യു എന്നിവർ സെമിനാറുകൾക്ക് നേതൃത്വം നല്കി.

## SS 23/24 മോണിറ്ററിംഗ് വിസിറ്റ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ അടിമാലി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന മില്ലറ്റ് പദ്ധതിയുടെ ഭാഗമായി പ്ലാമല, വെങ്കായപ്പാറ, കുടകല്ല് തുടങ്ങിയ വില്ലേജുകളിൽ മോണിറ്ററിംഗ് വിസിറ്റ് നടത്തുകയും റാഗി, ചോളം എന്നീ ചെറുധാന്യങ്ങുടെ വിത്ത് വിതയ്ക്കുന്നതിന് അനു യോജ്യമായ സ്ഥലം ഒരുക്കുകയും ചെയ്തു.

## SS 24/24 സോഷ്യൽ വർക്കേഴ്സ് ദിനാചരണം

മാർച്ച് 19 സോഷ്യൽ വർക്കേഴ്സ് ദിനാചരണത്തിന്റെ ഭാഗ മായി മാർ സ്ലീവാ കോളജിലെ MSW വിദ്യാർത്ഥികൾ ഹൈറേഞ്ച്

ഡെവലെപ്മെന്റ് സൊസൈറ്റിയിൽ എത്തിയ ഡയറക്ടർ ഫാ. മാത്യു തടത്തിലിനെയും സ്റ്റാഫ് അംഗങ്ങളെയും മൊമെന്റോ നല്കി ആദരിച്ചു.

## കെ.സി.എസ്.എൽ.

### KCSL 11/24 സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്

KCSL ന്റെ അടുത്ത വർഷത്തെ പ്രവർത്തനത്തിന്റെ മുന്നോടിയായുള്ള സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് കൊല്ലം രൂപതയിലെ കൊട്ടിയം പാസ്റ്ററൽ സെന്ററിൽ വച്ച് ഏപ്രിൽ 27, 28, 29 (ശനി, ഞായർ, തിങ്കൾ) തീയതികളിൽ നടത്തുന്നതാണ്. 27 ന് മൂന്നു മണിക്ക് രജിസ്ട്രേഷനോടെ ആരംഭിക്കുന്ന ക്യാമ്പ് 29 ന് ഉച്ചഭക്ഷണത്തോടെ സമാപിക്കും. ഓരോ രൂപതയിൽ നിന്നും UP, HS, HSS വിഭാഗങ്ങളിൽ നിന്ന് 3 പേർക്കു വീതം പങ്കെടുക്കാം.

## തിരുബാലസഖ്യം

### HC 12/24 റിപ്പോർട്ട്

2023-24 വർഷത്തെ തിരുബാലസഖ്യം റിപ്പോർട്ട് മെയ് 10-ാം തീയതി രൂപതാ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. റിപ്പോർട്ട് കവറിനു പുറത്ത് ഇടവകയുടെ പേര്, തിരുബാല സഖ്യം റിപ്പോർട്ട് എന്നിങ്ങനെ എഴുതുമല്ലോ.

### HC 13/24 ഉണ്ണിക്കൂട്ടം

കുഞ്ഞുങ്ങൾക്കുവേണ്ടി നടത്തുന്ന ഉണ്ണിക്കൂട്ടം എന്ന പ്രോഗ്രാം ആരെങ്കിലും നടത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അറിയിക്കാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

### HC 14/24 റീഡിങ് ചലഞ്ച്

നമ്മുടെ ഇടവകയിൽ 3, 4, 5 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഈ അവധിക്കാലത്ത് വായനാ പരിശീലനം നൽകുന്നത്

നല്ലതാണ്. അവധി ദിവസങ്ങളിൽ ഒരു മണിക്കൂറെങ്കിലും കുട്ടികൾ പള്ളിയിൽ വരുകയും ആനിമേറ്റേഴ്സിന്റെയോ ടീച്ചേഴ്സിന്റെയോ നേതൃത്വത്തിൽ അവരെ വായിക്കുവാൻ പരിശീലനം നൽകുവാൻ പരിശ്രമിക്കുന്നത് നല്ലതായിരിക്കും.

# ചെറുപുഷ്പ മിഷൻലീഗ്

## CML 25/24 രൂപതാ മാനേജിംഗ് കമ്മിറ്റിയും തിരഞ്ഞെടുപ്പും

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ മാനേജിംഗ് കമ്മിറ്റി മെയ് മാസം എട്ടാം തീയതി രാവിലെ 9.15 ന് ബിഷപ്സ് ഹൗസ് കരിമ്പനിൽ വച്ച് ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി സെബാസ്റ്റ്യൻ പതാക ഉയർത്തി ആരംഭിക്കും. തുടർന്ന് പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ മാനേജിങ് കമ്മിറ്റി സമ്മേളനം നടത്തപ്പെടും.

**അജണ്ടകൾ**

- ❖ മാനേജിംഗ് കമ്മിറ്റി റിപ്പോർട്ട്
- ❖ 2024-25 പ്രവർത്തന വർഷത്തെ മാർഗ്ഗരേഖ ചർച്ച
- ❖ 2024-2027 പ്രവർത്തന വർഷത്തേയ്ക്കുള്ള ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്.

## CML 26/24 ദൈവവിളി സംഗമവും ടീൻസ് മീറ്റും

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയുടെയും, ഇടുക്കി രൂപതാ വൊക്കേഷൻ ബ്യൂറോയുടെയും സംയുക്ത ആഭിമുഖ്യത്തിൽ, ഏപ്രിൽ 6-ാം തീയതി, കരിമ്പൻ സെന്റ് മേരിസ് ദൈവാലയത്തിൽ വച്ച് ദൈവവിളി സംഗമവും ടീൻസ് മീറ്റും നടത്തപ്പെട്ടു. ഈ വർഷം സന്യാസ പൗരോഹിത്യ വിളി സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരും, ഈ വർഷം പൗരോഹിത്യം സ്വീകരിച്ച ഇടുക്കി രൂപതയിലെ നവ വൈദികരും, നവ സന്യാസിനികളും ഈ വർഷങ്ങളിൽ പരിശീലനത്തിൽ ആയിരിക്കുന്ന ബ്രദേഴ്സും സന്യാസാർത്ഥികളും പങ്കെടുത്തു. ഈ സമ്മേളനം പെരിയ ബഹുമാനപ്പെട്ട മോൺ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം ചെയ്തു.

## CML 27/24 കൈയെഴുത്തു മാസിക മത്സരം

ഏപ്രിൽ 10 (അടിമാലി, മുരിക്കാശ്ശേരി), ഏപ്രിൽ 13 (വാഴത്തോപ്പ്), ഏപ്രിൽ 14 (ഇരട്ടയാർ) തീയതികളിലായി, നാല് സെന്ററുകളിൽ വച്ച് രൂപതാതല കയ്യെഴുത്ത് മാസിക മത്സരം നടത്തപ്പെട്ടു. VI മുതൽ XII വരെ ക്ലാസുകളിൽ വിശ്വാസ പരിശീലനം നടത്തുന്ന മിഷൻലീഗ് അംഗങ്ങൾക്കായി സംഘടിപ്പിച്ച മത്സര ത്തിൽ, 26 ശാഖകളിൽ നിന്നും പങ്കെടുത്തു. മത്സരത്തിൽ സംബന്ധിച്ച എല്ലാ ശാഖകൾക്കും അഭിനന്ദനങ്ങൾ.

## CML 28/24 മേഖലാ വാർത്തകൾ : കൂമ്പൻ പാറ മേഖല

സി.എം.എൽ. കുമ്പൻപാറ മേഖല ഏപ്രിൽ 27 ന് മേഖലാ വാർഷികവും മാനേജിംഗ് കമ്മിറ്റിയും ദിവ്യകാരുണ്യ ആരാധനയും പ്രേഷിത റാലിയും നടത്തി. മേഖലാ പ്രസിഡന്റ് നിക്സൺ കെ. ജോണി പതാക ഉയർത്തി വാർഷിക ആഘോഷങ്ങൾക്ക് ഉദ്ഘാടനം കുറിച്ചു. ഗോൾഡൻ സ്റ്റാർ, സിൽവർ സ്റ്റാർ, മിഷൻ സ്റ്റാർ എന്നിങ്ങനെ ശാഖകൾക്കുള്ള അവാർഡുകളും തൽസമയം നൽകി. പഠനം, സംഘടനാ പ്രവർത്തനം എന്നിവയെ അടിസ്ഥാനമാക്കി വിവിധ ശാഖകളിലെ നാല് കുട്ടികൾക്ക് 501 രൂപ വീതം സ്കോളർഷിപ്പ് നൽകി. മുൻകാല ഭാരവാഹികളെ ആദരിക്കലും അനുഭവം പങ്കുവക്കലും വാർഷിക ആഘോഷ ഭാഗമായി നടത്തി. ''ഒരുമ'' എന്ന പേരിൽ മേഖല കൈയെഴുത്തു മാസികയും വാർഷികത്തോടനുബന്ധിച്ച് പ്രകാശനം ചെയ്തു.

## CML 29/24 മുരിക്കാശ്ശേരി മേഖല : മേഖലാ വാർഷികവും പ്രേഷിത റാലിയും

ചെറുപുഷ്പ മിഷൻലീഗ് മുരിക്കാശ്ശേരി മേഖലയുടെ 2023-24 വാർഷികവും റാലിയും സിഎംഎൽ രൂപതാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോബി പുളിക്കക്കുന്നേൽ, രൂപതാ പ്രസിഡന്റ് ജോർജുകുട്ടി സാർ എന്നിവരുടെ അധ്യക്ഷതയിൽ ഏപ്രിൽ പതിമൂന്നാം തീയതി വാർഷികവും നടത്തി. മേഖലയുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും സഹകരണവും സാന്നിധ്യവും ഉണ്ടായിരുന്നു.

## CML 30/24 മേഖലാ ക്യാമ്പ്

എപ്രിൽ 14, 15 തീയതികളിൽ മേഖലാ ക്യാമ്പ് ബാബു പൊ

ന്നോത്ത്, രൂപതാ ജനറൽ സെക്രട്ടറി അമൽ ജോണി എന്നിവരുടെ നേതൃത്വത്തിൽ ക്യാമ്പ് നടത്തി. 115 ഓളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ശാഖകളുടെ സാന്നിധ്യവും സഹകരണവും ഉണ്ടായി രുന്നു.

# കെ.സി.വൈ.എം. (SMYM)

## KCYM 27/24 കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് അംഗമായി ഇടുക്കി രൂപതാ ആനിമേറ്റർ

2024 മാർച്ച് 13 ബുധനാഴ്ച പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് നടത്തപ്പെട്ട കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ഡയറക്ടേർസ് ആനിമേറ്റേഴ്സ് മീറ്റിൽ വച്ച് കെ.സി.വൈ.എം. ഇടുക്കി രൂപതാ ആനിമേറ്റർ സി. ലിന്റാ S.A.B.S. സംസ്ഥാന സിൻഡിക്കേറ്റ് അംഗ മായി തിരഞ്ഞെടുക്കപ്പെട്ടു.

## KCYM 28/24 പ്രഥമ എക്സിക്യൂട്ടീവ് യോഗം

കെ.സി.വൈ.എം. ഇടുക്കി രൂപത 2024-2025 സമിതിയുടെ പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 17 ഞായറാഴ്ച 9 മണിക്ക് കരിമ്പൻ രൂപതാ കാര്യാലയത്തിൽ വച്ച് നടത്തപ്പെട്ടു. നോമിനേറ്റഡ് അംഗങ്ങളുടെ സത്യപ്രതിജ്ഞയും 2024-25 വർഷത്തേയ്ക്കുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചയും ഈ മീറ്റിങ്ങിൽ വച്ച് നടത്തി.

## KCYM 29/24 നോമ്പുകാല തീർത്ഥാടനത്തിൽ ഇടയനോ ടൊപ്പം യുവജനങ്ങളും

ഇടുക്കി രൂപതയുടെ രണ്ടാമത് എഴുകുംവയൽ കുരിശുമല തീർത്ഥാടനത്തിൽ ഇടയനോടൊപ്പം യുവജനങ്ങളും ഭക്തിപൂർവം പങ്കുചേർന്നു.

## KCYM 30/24 പ്രതിഷേധം അറിയിച്ചു

നികുതി പിരിക്കാനായി പെസഹാ വ്യാഴം, ദുഃഖവെള്ളി ദിന ങ്ങൾ പ്രവർത്തി ദിനമാക്കി മാറ്റിയ തഹസിൽദാറിന്റെ നടപടികൾക്ക് എതിരെ കെ.സി.വൈ.എം. ഇടുക്കി രൂപത പ്രതിഷേധം അറിയിച്ചു.

## KCYM 31/24 അംഗത്വ മാസാചരണം

കെ.സി.ബി.സി. യുവജന വർഷത്തോടനുബന്ധിച്ച് എല്ലാ യുവജനങ്ങളെയും കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് ഏപ്രിൽ 4 മുതൽ 30 വരെ കെ.സി.വൈ.എം. ഇടുക്കി രൂപത അംഗത്വ മാസാചരണം നടത്തുന്നു.

## KCYM 32/24 പ്രതിഷേധം രേഖപ്പെടുത്തി

ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒപ്പമുള്ള പള്ളികൾ നീക്കണം എന്ന് ആവശ്യപ്പെട്ട് കത്തോലിക്കാ ബിഷപ്പ് കൗൺസിലിന് കത്തയയ്ക്കുമെന്ന് അറിയിച്ചുകൊണ്ട് മുമ്പോട്ട് വന്ന അസം ഹിന്ദു സംഘടനയുടെ പ്രസ്താവനയ്ക്കെതിരെ കെ.സി.വൈ.എം. ഇടുക്കി രൂപത ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

## KCYM 33/24 പ്രതിഷേധിച്ചു

പോലീസ് കോൺസ്റ്റബിൾ ലിസ്റ്റിൽ റാങ്ക് നേടിയിട്ടും നിയമനം ലഭിക്കാതെ കേരളക്കരയിലെ പതിനായിരക്കണക്കിന് യുവജനങ്ങളുടെ കഠിനാധ്വാനം കാറ്റിൽ പറത്തുന്ന സർക്കാർ നിലപാടുകൾക്കെതിരെ കെ.സി.വൈ.എം. ഇടുക്കി രൂപത ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

## KCYM 34/24 സ്കോളർഷിപ്പ് എക്സാം

കെ.സി.വൈ.എം. ഇടുക്കി രൂപതയും IICM ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് CA/CS/CMA/ACCA തുടങ്ങിയ കോഴ്സുകൾ പഠിക്കാൻ താല്പര്യം ഉള്ള കുട്ടികൾക്കായി സ്കോളർഷിപ്പ് എക്സാം സംഘടിപ്പിച്ചു. ഏകദേശം 35 ലക്ഷം രൂപയോളം ആണ് സ്കോളർഷിപ്പിനായി നീക്കി വച്ചിരിക്കുന്നത്. 3 സെന്ററുകളിൽ വച്ച് നടത്തപ്പെട്ട എക്സാമിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവരായിരിക്കും സ്കോളർഷിപ്പിന് അർഹരായിത്തീരുക.

## JY 40/24 കൗൺസിൽ മീറ്റിംഗ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ മീറ്റിംഗ് ഏപ്രിൽ മാസം 09, 10 ദിവസങ്ങളിൽ, ചാപ്ലിൻ ഫാ. ജെയിംസ് മാക്കിയിൽ അച്ചന്റെയും ആനിമേറ്റർ സി. ബ്ലസി CMC യുടെയും സാന്നിധ്യത്തിൽ നെടുംകണ്ടം കരുണാ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## JY 41/24 പന്തക്കുസ്താ പരിശുദ്ധാത്മാഭിഷേക നവീകരണ ധ്യാനവും ജീസസ് യൂത്ത് കമ്മിറ്റ്മെന്റ് ഡേയും

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ നേതൃത്വത്തിൽ ഒരു പരിശുദ്ധാത്മ നവീകരണ ധ്യാനം മെയ് 16 മുതൽ 19 വരെ നെടുങ്കണ്ടം കരുണ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. മെയ് 19 ന് Recommitment day യോടുകൂടി ധ്യാനം അവസാനിക്കും. പരിശുദ്ധാത്മാഭിഷേകത്തിന്റെയും ഉണർവിന്റെയും അനുഭവമായി ഈ പന്തക്കുസ്തയെ മാറ്റാൻ ഈ ഒരുക്കധ്യാനത്തിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

## JY 42/24 സോണൽ ഹൗസ് ഹോൾഡ്

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ഏപ്രിൽ മാസത്തിലെ ഹൗസ്ഹോൾഡ്, ഏപ്രിൽ 7 ന് അടിമാലി കാർമൽഗിരി കോളേജിൽ വച്ച് കൂടുകയുണ്ടായി. സോണൽ കൗൺസിൽ ടീം ഹൗസ് ഹോൾഡിന് നേതൃത്വം നൽകി. ഉത്ഥാന സന്തോഷവും, പന്തക്കുസ്താ ഒരുക്കവും ഹൗസ്ഹോൾഡ് പഠനവിഷയങ്ങൾ ആയിരുന്നു.

## JY 43/24 സോണൽ നൈറ്റ് വിജിലും, പന്തക്കുസ്താ ഒരുക്ക പ്രാർത്ഥനയും

ഏപ്രിൽ മാസത്തെ ജാഗരണ പ്രാർത്ഥന തോപ്രാംകുടി അമല കപ്പൂച്ചിൻ ആശ്രമ ദൈവാലയത്തിൽ ഏപ്രിൽ 26 വെള്ളിയാഴ്ച വൈ

കിട്ട് 5 മണി മുതൽ 09:30 വരെ നടത്തപ്പെട്ടു. പന്തക്കുസ്തായ്ക്ക് ഒരുക്കുമായി നവീകരണ ചിന്തകൾ പങ്കുവയ്ക്കുകയും പ്രാർത്ഥിച്ച് ഒരുങ്ങുകയും ചെയ്തു.

## JY 44/24 Follow Me : യുവജന ധ്യാനം

ജീസസ് യൂത്ത് രാജാക്കാട് സബ് സോണിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ ക്കായി "Follow me" എന്ന പേരിൽ ഒരു യുവജന ധ്യാനം 2024 ഏപ്രിൽ 29 മുതൽ മെയ് 2 വരെ രാജാക്കാട് ക്രിസ്തുജ്യോതി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ധ്യാനത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

## JY 45/24 സെൻട്രൽ പ്രയർ മീറ്റിംഗ്

ഇടുക്കി സോണിലെ തോപ്രാംകുടി, വാഴത്തോപ്പ്, പാറത്തോട് സബ്സോണുകളിലെ അംഗങ്ങൾക്കായി എല്ലാ ബുധനാഴ്ചകളിലും പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് വൈകുന്നേരം 06:30 മുതൽ 08:30 വരെ നടത്തിവരുന്നു.

## JY 46/24 Communion for Sisters

ജീസസ് യൂത്ത് മുന്നേറ്റത്തിന് ഒപ്പം യാത്ര ചെയ്യുന്ന, യാത്ര ചെയ്യാൻ ആഗ്രഹിക്കുന്ന സിസ്റ്റേഴ്സിനായി ഏപ്രിൽ 5-7 തീയതികളിൽ പാലാരിവട്ടം P.O.C. യിൽ വച്ച് Communion For Sisters നടത്തപ്പെട്ടു. ഇടുക്കി സോണിൽ നിന്ന് 10 സിസ്റ്റേഴ്സ് പങ്കെടുത്തു.

## JY 47/24 പ്രയർ ഗ്രൂപ്പുകൾ

കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിലും, രാജാക്കാട് ക്രിസ്തുരാജ് ദൈവാലയത്തിലും പാറത്തോട് സെന്റ് ജോർജ് ദൈവാലയത്തിലും സബ്സോൺ പ്രയർ ഗ്രൂപ്പുകൾ നടന്നുവരുന്നു.

## JY 48/24 ജീസസ് യൂത്ത് സീനിയർ എൽഡേഴ്സ് മീറ്റിംഗ്

ഇടുക്കി സോണിലെ ജീസസ് യൂത്തിന്റെ ആരംഭ കാലഘട്ടം മുതൽ നയിച്ച സീനിയർ എൽഡേഴ്സുമായി നെടുങ്കണ്ടം കരുണ ധ്യാനകേന്ദ്രത്തിൽ വച്ച് ചാപ്ലിൻ ഫാ. ജെയിംസ് മാക്കിയിൽ അച്ചന്റെ നേതൃത്വത്തിൽ ചർച്ചകളും പങ്കുവയ്ക്കലുമായി ഏപ്രിൽ ഒമ്പതാം തീയതി കൂട്ടായ്മ നടത്തപ്പെട്ടു. വരുന്ന മാസങ്ങളിലെ എല്ലാ രണ്ടാം

ചൊവ്വാഴ്ചയും എൽഡേഴ്സിന്റെ പ്രാർത്ഥനാ കൂട്ടായ്മ നെടുങ്കണ്ടം കരുണ ധ്യാനകേന്ദ്രത്തിൽ വച്ച് കൂടുവാൻ തീരുമാനിച്ചു.

## JY 49/24 ഫാമിലി മിനിസ്ട്രി:

## ഫാമിലി സ്മാൾ ഗ്രൂപ്പ് കൂട്ടായ്മകൾ

വാഴത്തോപ്പ് സബ് സോണിലെ ഫാമിലി സ്മാൾ ഗ്രൂപ്പ് കൂട്ടായ്മ പഴയരിക്കണ്ടത്ത് ബിജു വെട്ടുകല്ലിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു. സ്മാൾ ഗ്രൂപ്പ് അംഗങ്ങൾ ആയിട്ടുള്ള അഞ്ച് കുടുംബങ്ങൾ സജീവമായി കൂട്ടായ്മയിൽ പങ്കെടുത്തു.

## JY 50/24 Step One - Teens Meet

ജീസസ് യൂത്ത് കേരള ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ''Step-one'' എന്ന പ്രോഗ്രാം മെയ് മാസം പത്താം തീയതി വൈകുന്നേരം 4 മണി മുതൽ 13-ാം തീയതി രാത്രി 10 മണി വരെ കളമശ്ശേരി സെന്റ് പോൾസ് ഇന്റർനാഷണൽ സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. ഇക്കൊല്ലം ഒമ്പതാം ക്ലാസിലേക്ക് കയറുന്ന കുട്ടികൾക്കായാണ് ഈ പ്രോഗ്രാം. നമ്മുടെ മക്കളെയും, ഇടവകയിലും നമ്മുടെ പരിചയത്തിലും ഒക്കെ ഉള്ള മറ്റു കുട്ടികളെയും എല്ലാം ഈ പ്രോഗ്രാമിന് പറഞ്ഞുവിടണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ കുട്ടികൾ കൗമാരഘട്ടത്തിൽത്തന്നെ ക്രിസ്തുവിനെ കണ്ടുമുട്ടാനുള്ള ഒരു അസുലഭാവസരമായി ഇത് മാറട്ടെ. പ്രോഗ്രാമിനായുള്ള രജിസ്ട്രേഷൻ ഫീ - 800 രൂപ ആണ്. പ്രോഗ്രാമിനായുള്ള രജിസ്ട്രേഷ്ന്

Dennis- 94959 66037

NB: ഇടുക്കി രൂപതയിൽ നിന്ന് register ചെയ്യുന്നവർക്ക് program venue ൽ എത്തിച്ചേരാനും തിരിച്ചു പോരാനുമുള്ള വാഹനസൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## MV 14/24 "ഉണർവ്വ് 2K24" മാതൃവേദി കലോത്സം

മാതൃവേദി റീജണൽ കലോത്സവങ്ങൾ 7 റീജണൽകളിലായി പൂർത്തിയായി. മത്സരവിജയികൾക്ക് അഭിനന്ദനങ്ങൾ. റീജണൽ മത്സരത്തിൽ overall കിട്ടിയ ഇടവകകൾ:

| | | | | |
|---|---|---|---|---|
| 1. | ചുരുളി | - വാഴത്തോപ്പ് | : | വാഴത്തോപ്പ് |
| 2. | രാജാക്കാട് | - കുഞ്ചിത്തണ്ണി | : | രാജകുമാരി |
| 3. | മുരിക്കാശ്ശേരി | - തങ്കമണി | : | തങ്കമണി |
| 4. | വെള്ളത്തൂവൽ | - പാറത്തോട് | : | പാറത്തോട് |
| 5. | മാങ്കുളം | - കൂമ്പൻപാറ | : | മാങ്കുളം |
| 6. | വെള്ളയാംകുടി | - ഇരട്ടയാർ | : | ഇരട്ടയാർ |
| 7. | നെടുങ്കണ്ടം | | : | നെടുങ്കണ്ടം |

മത്സരത്തിൽ പങ്കെടുത്ത എല്ലാ മാതൃവേദി അംഗങ്ങളെയും അവരെ പ്രോത്സാഹിപ്പിച്ച ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റർസ് സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

## MV 15/24 യാത്രയയപ്പ്

കഴിഞ്ഞ ആറുമാസമായി മാതൃവേദി റീജന്റായി സേവനം ചെയ്ത ബഹുമാനപ്പെട്ട ജോസ് ഓലിക്കൽ ബ്രദറിന് രൂപതാ മാതൃവേദി യാത്രയപ്പ് നൽകി. ബ്രദർ ചെയ്തു തന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു.

## MV 16/24 രൂപതാ എക്സികൂട്ടീവ്

രൂപതാ കലോത്സവത്തിനൊരുക്കമായി ഏപ്രിൽ 22-ാം തീയതി കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് എക്സീക്യൂട്ടീവ് നടത്തി.

# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 41/24 ഇടുക്കി സോൺ : സോണൽ സർവീസ് ടീം മീറ്റിംഗ്

10.04.2024-ന് പാറത്തോട് സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽവച്ച് സഭാ നവീകരണത്തിന്റെ ഭാഗമായി ഇടുക്കി സോണിന്റെ നേതൃത്വത്തിൽ ആയിരം പേർ പങ്കെടുക്കുന്ന ഒരു ഗ്രാൻഡ് കോൺഫറൻസ് "റൂഹ 2024" എന്ന പേരിൽ നടത്തുവാൻ തീരുമാനിച്ചു. തുടർ നടപടികൾക്കായി സോണൽ നേതൃ കൂട്ടായ്മ വിളിച്ചു ചേർത്ത് ചർച്ച ചെയ്യുവാനും തീരുമാനിച്ചു.

## PG 42/24 സോണൽ നേതൃ കൂട്ടായ്മ

പാറത്തോട് സെന്റ് ജോർജ് പള്ളിയിൽ വച്ച് 15.04.2024-ന് കൂടിയ സോണൽ നേതൃത്വ കൂട്ടായ്മയിൽ ഗ്രാൻഡ് കോൺഫ്രൻസ് നടത്തുന്നതിന് ആവശ്യമായ പ്രാഥമിക ചർച്ചകൾ പൂർത്തിയാക്കി വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

## PG 43/24 ജൂബിലിയേവൂസ് 2026

ജൂബിലിയേവൂസ് 2026 ആയിരം ദിന ഒരുക്ക പ്രാർത്ഥന പാറത്തോട് സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് നടന്നു. ഡയറക്ടർ റവ. ഫാ. ജോസഫ് നടുപടവിൽ നേതൃത്വം നൽകി.

## PG 44/24 മധ്യസ്ഥ പ്രാർത്ഥന

ജൂബിലിയേവൂസ് 2026 ന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടി എല്ലാ സബ്സോണുകളിലും ആഴ്ചയിൽ ഒരു ദിവസം മധ്യസ്ഥ പ്രാർത്ഥന നടത്താനും സോണിന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചതിരിഞ്ഞ് രണ്ടു മണി മുതൽ 6 മണി വരെ മധ്യസ്ഥ പ്രാർത്ഥന നടത്തുവാനും തീരുമാനിച്ചു. ആദ്യ ആഴ്ചയിലെ മധ്യസ്ഥ പ്രാർത്ഥന 19.04.2024-ന് പാറത്തോട് സെന്റ് ജോർജ് ദൈവാ ലയത്തിൽ വച്ച് നടന്നു.

## PG 45/24 തുടർ പരിശീലനം

വരദാന വളർച്ചാ ധ്യാനം കൂടിയവർക്കായുള്ള തുടർ പരിശീ

ലനം മാർച്ച് 7, ഞായറാഴ്ച കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തി.

## PG 46/24 ഓൺലൈൻ മധ്യസ്ഥ്യ പ്രാർത്ഥന

എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 7 മുതൽ 8 മണി വരെ, സാന്താ മരിയ മിഷൻ കേന്ദ്രത്തെയും, രൂപതാ വൈദികരെയും, കുടുംബങ്ങളെയും സമർപ്പിച്ച് ഓൺലൈൻ മധ്യസ്ഥ്യ പ്രാർത്ഥന നടത്തുന്നു.

## PG 47/24 കട്ടപ്പന സോൺ : ഗ്രാന്റ് കോൺഫ്രൻസ്

കട്ടപ്പന സോണിന്റെ ഗ്രാന്റ് കോൺഫ്രൻസ് ഏപ്രിൽ 16, 17, 18 തീയതികളിൽ ഇരട്ടയാർ സെന്റ് തോമസ് പള്ളിയിൽ നടന്നു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്ത് ക്ലാസ് എടുത്തു. ഒന്നാം ദിവസം കാഞ്ഞിരപ്പള്ളി രൂപതാ കരിസ്മാറ്റിക്ക് ഡയറക്ടർ ബഹു. കുര്യാക്കോസ് വടക്കേടത്തച്ചൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ വചന സന്ദേശം നൽകി. ശ്രീ ജോജി ചോക്കാട്ട് ആരാധനയ്ക്ക് നേതൃത്വം നൽകി.

രണ്ടാം ദിവസം ബഹു. ജയിംസ് കക്കുഴിയച്ചനും ശ്രീ. സാബു കോഴിക്കോട്ടും വചനം പങ്കുവച്ചു. ഇടുക്കി രൂപതാ കരിസ്മാറ്റിക്ക് ഡയറക്ടർ ബഹു. ജോസഫ് നടുപടവിലച്ചൻ ദിവ്യകാരുണ്യ ആരാധന നയിച്ചു. സോണിലെ സബ്സോൺ ആനിമേറ്റർ അച്ചൻമാർ ഒരുമിച്ച് ദിവ്യബലി അർപ്പിച്ചു.

മൂന്നാം ദിവസം ഇടുക്കി രൂപതാ വികാരി ജനറാൾ പെ. ബഹു. ജോസ് കരിവേലിക്കലച്ചൻ ദിവ്യബലിയർച്ചു. ശ്രീ. ഷാജി സ്കറിയ വൈക്കത്തുപറമ്പിലും പാലാ രൂപതാ കരിസ്മാറ്റിക്ക് ഡയറക്ടർ ബഹു. ജേക്കബ് വെള്ളമരുതുങ്കലച്ചനും വചനം പങ്കുവച്ചു. കട്ടപ്പന സോൺ ആനിമേറ്റർ ബഹു. ജോസഫ് കോയിക്കലച്ചൻ ദിവ്യകാരുണ്യ അഭിഷേക ആരാധന നയിച്ചു. സോണിലെ 130 ഇടവകകളിൽ നിന്ന് 500 പേർ പങ്കെടുത്തു

## PG 48/24 സബ് സോൺ പുനസംഘടന

കട്ടപ്പന സോണിലെ സബ്സോണുകളുടെ പുനസംഘടന മെയ് 7 മുതൽ 10 വരെ വിവിധ സബ് സോൺ കേന്ദ്രങ്ങളിൽ നടക്കും.

തിരഞ്ഞെടുക്കപ്പെട്ട സബ് സോൺ ഉപദേശക സമിതി അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണമെന്ന് സോൺ ആനിമേറ്റർ ഫാ. ജോസഫ് കോയിക്കൽ നിർദ്ദേശിക്കുന്നു.

ഇരട്ടയാർ സബ്സോൺ 07/05/24 10.00 am ഇരട്ടയാർ സെന്റ് തോമസ് പള്ളി

കട്ടപ്പന സബ്സോൺ 07/05/24 2.00 pm ഇരുപതേക്കർ സെന്റ് ജോസഫ് പള്ളി

കല്ലാർ സബ്സോൺ 08/05/24 10.00 am കല്ലാർ മേരിഗിരി പള്ളി

നെടുങ്കണ്ടം സബ്സോൺ 08/05/24 2.00 pm നെടുങ്കണ്ടം കരുണാ ധ്യാനകേന്ദ്രം

അണക്കര സബ്സോൺ 09/05/24 10.00 am കമ്പമെട്ട് സെന്റ് ജോസഫ് പള്ളി

കുമളി സബ്സോൺ 09/05/24 2.00 pm കുമളി ഏയ്ഞ്ചൽവാലി ധ്യാന കേന്ദ്രം

ഉപ്പുതറ സബ്സോൺ 10/05/24 10.00 am പരപ്പ് ചാവറ ധ്യാനകേന്ദ്രം

## PG 49/24 ജൂബിലേവൂസ് - 2026

കരിസ്മാറ്റിക്ക് നവീകരണത്തിന്റെ ജൂബിലിയാഘോഷത്തിന്റെ സഹസ്രദിന പ്രാർത്ഥനാ ഒരുക്കം കട്ടപ്പന സോണിൽ എല്ലാ മാസവും 9-ാം തീയതി നടക്കും. ഏപ്രിൽ മാസത്തിലെ ശുശ്രൂഷ അണക്കര സബ് സോണിലെ കുഴിത്തൊളു സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ നടന്നു സോണൽ സർവ്വീസ് ടീം നേതൃത്വം നൽകി.

# ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ്

## GSP 07/24

ഏപ്രിൽ 15 തിങ്കളാഴ്ച്ച രാജകുമാരിയിൽ ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് യൂണിറ്റ് ആരംഭിച്ചു. വികാരി മോൺ എബ്രഹാം പുറയാറ്റിന്റെ സാന്നിദ്ധ്യത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ പ്രവർത്തനങ്ങൾ വിശദീകരിച്ചു. തുടർന്ന് ഭാരവാഹികളെ തിരഞ്ഞെടുത്തു. 30 ഓളം പേർ പങ്കുചേർന്നു.

# ആത്മജ്യോതി

## AJ. 07/24 ആത്മജ്യോതി പാസ്റ്ററൽ സെന്റർ അടിമാലി

2024 മെയ് മാസത്തിലെ മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് 10, 11, 12 (വെള്ളി, ശനി, ഞായർ) തീയതികളിലായി നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

www.atmajyothi.site

9400092632, 6235931254, 8078755919, 9447413328



# കരുണ ഡിവൈൻ മേഴ്സി അനിമേഷൻ റിട്രീറ്റ് സെന്റർ, നെടുംകണ്ടം

## KAC. 21/24 ശനിയാഴ്ച കൺവെൻഷൻ

മാസത്തിലെ എല്ലാ ശനിയാഴ്ചയും വൈകിട്ട് 4:30 മുതൽ രാത്രി 8:30 വരെ ശനിയാഴ്ച ആരാധനയും ശുശ്രൂഷകളും നടത്തപ്പെടുന്നു.

## KAC. 22/24 കുട്ടികളുടെ ഏകദിന കൺവെൻഷൻ

മാസത്തിലെ രണ്ടാം ശനിയാഴ്ച കുട്ടികൾക്കുള്ള ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. കുട്ടികൾക്ക് കുമ്പസാരത്തിനും കൗൺസിലിങ്ങിനും ഉള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## KAC. 23/24 കൗൺസിലിംഗ്

മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിലും രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 3:30 വരെ കൗൺസിലിങ്ങിനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.

## KAC. 24/24 പ്രവാചക മാധ്യസ്ഥ്യ പ്രാർത്ഥനാ ധ്യാനം

2024 മെയ് മാസം 1 ബുധനാഴ്ച മുതൽ മെയ് മാസം 5 ഞായർ വരെ പ്രവാചക മാധ്യസ്ഥ പ്രാർത്ഥനാ ധ്യാനം നടത്തപ്പെടുന്നു.

## KAC. 25/24 യുവജനങ്ങൾക്ക് പെന്തക്കുസ്ത ഒരുക്ക ധ്യാനം

മെയ് മാസം 16 വ്യാഴം വൈകിട്ട് 5 മണി മുതൽ 19 ഞായർ 3 മണി വരെ യുവജനങ്ങൾക്ക് പെന്തക്കുസ്ത ഒരുക്ക ധ്യാനം നടത്തപ്പെടുന്നു.

## KAC. 26/24 ദൈവകരുണയുടെ ധ്യാനം

മെയ് മാസം 26 ഞായർ വൈകിട്ട് 5 മണി മുതൽ 30 വ്യാഴം 3 മണി വരെ ദൈവകരുണയുടെ ധ്യാനം നടത്തപ്പെടുന്നു.

# പ്രവാസി അപ്പോസ്തലേറ്റ്

## PA. 01/24 ഇടുക്കി രൂപതാ പ്രവാസി അപ്പസ്തോലേറ്റ്

ഓരോ രൂപതയിൽ നിന്നും വിദേശത്തു ജോലി ചെയ്യുന്നവരെയും പഠനം നടത്തുന്നവരെയും സ്ഥിരതാമസമാക്കിയിരിക്കുന്നവരെയും ഒരുമിച്ചു ചേർത്ത് അവരുടെ അജപാലനാവശ്യങ്ങൾ നടത്തിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ സീറോ മലബാർ സഭ ഔദ്യോഗികമായി ആരംഭിച്ചിരിക്കുന്ന മിനിസ്ട്രിയുടെ രൂപതാ ഘടകമാണ് ഇടുക്കി രൂപത പ്രവാസി അപ്പസ്തോലേറ്റ്. സഭാ നിർദ്ദേശ പ്രകാരം ഇടുക്കി രൂപതയും 2023 നവംബർ മാസം പ്രവാസികൾക്കു വേണ്ടിയുള്ള ഈ മിനിസ്ട്രി ആരംഭിച്ചിരിക്കുകയാണ്. 2023 നവംബറിൽ കൂടിയ ഇടുക്കി രൂപതാ എപ്പാർക്കിയൽ അസംബ്ലിയും നമ്മുടെ രൂപതയിൽ നിന്നും വിദേശത്തായിരിക്കുന്നവരുടെ, പ്രത്യേകിച്ച് യുവജനങ്ങളുടെ, ആധ്യാത്മിക ഭൗതികാവശ്യങ്ങളിൽ രൂപത സത്വരശ്രദ്ധ പതിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഇതിൻപ്രകാരം 2023 നവംബറിൽ മാസം ജോബി പുളിക്കക്കുന്നേലച്ചനെ പ്രഥമ ഡയറക്ടറായി നിയമിച്ചുകൊണ്ട് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഈ മിനിസ്ട്രി ഔദ്യോഗികമായി സ്ഥാപിച്ചു. ഇടുക്കി രൂപതയിലെ പ്രവാസികളെ ഉൾപ്പെടു

ത്തിക്കൊണ്ട് വാട്സപ്പ് ഗ്രൂപ്പുകൾ രൂപികരിക്കുക എന്നതായിരുന്നു പ്രഥമ പ്രവർത്തനം. 5 മാസങ്ങൾ പിന്നിടുമ്പോൾ 32 രാജ്യങ്ങളിലായി 750 ലധികം അംഗങ്ങളുമായി ഇടുക്കി രൂപതാ പ്രവാസി അപ്പസ്തോലേറ്റിന്റെ വാട്സപ്പ് കമ്മ്യൂണിറ്റി അതിവേഗം വളർന്നു കൊണ്ടിരിക്കുന്നു. ഇതിനോടകം യു.കെ, യു.എ.ഇ എന്നിവടങ്ങളിൽ എക്സിക്യൂട്ടിവ് കമ്മിറ്റികളും നിലവിൽ വന്നിരിക്കുന്നു.

# വാർത്തകളും വിശേഷങ്ങളും

## പ്രഥമ ആഗോള ശിശുദിനാഘോഷം റോമിൽ മെയ് 25, 26 തീയതികളിൽ

യുവജനങ്ങൾക്കായുള്ള ആഗോള ദിനത്തിന് സമാനമായി ശിശുക്കൾക്കുവേണ്ടിയും ആഗോള ദിനാചരണം പ്രഖ്യാപിച്ച് വത്തിക്കാൻ. പ്രഥമ ആഘോഷം മെയ് മാസം 25, 26 തീയതികളിൽ റോമിൽ നടക്കും. 'ഞാൻ എല്ലാം നവമാക്കുന്നു' എന്നതാണ് സമ്മേളനത്തിന്റെ ആപ്തവാക്യം. റോമിലെ ഒളിമ്പിക്സ് സ്റ്റേഡിയത്തിലും വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിലുമായിട്ടാണ് ആഗോള ശിശുദിനാഘോഷം നടക്കുക. തിരുസഭ സംഘടിപ്പിക്കുന്ന ഈ ദിനാഘോഷങ്ങളിലേക്ക് ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികളെ സ്വാഗതം ചെയ്തു കൊണ്ട് ഫ്രാൻസിസ് പാപ്പ ഏപ്രിൽ പതിനാലാം തീയതി ഞായറാഴ്ച്ച നടന്ന മധ്യാഹ്നപ്രാർത്ഥനാവേളയിൽ സംസാരിച്ചു. 'നിങ്ങൾക്കു വേണ്ടി ഞാൻ കാത്തിരിക്കുന്നു' എന്നും ആഘോഷങ്ങളിലേക്ക് പ്രാർത്ഥനയോടെ തീർത്ഥാടനം നടത്തുവാൻ എല്ലാവരെയും ക്ഷണിക്കുകയാണെന്നും പാപ്പ പറഞ്ഞു. യുദ്ധത്തിന്റെ ദുരിതം അനുഭവിക്കുന്ന വിവിധ സ്ഥലങ്ങളിലെ കുഞ്ഞുങ്ങളെ പാപ്പ പ്രാർത്ഥനയോടെ സ്മരിച്ചു. പതിനായിരക്കണക്കിന് കുട്ടികളാണ് ഇതിനോടകം സമ്മേളനത്തിൽ പങ്കെടുക്കുവാൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഏകദേശം എൺപതിലധികം രാജ്യങ്ങളിൽ നിന്നുള്ള കുഞ്ഞുങ്ങൾ ഈ ദ്വിദിന പരിപാടിയിൽ പങ്കാളികളാകും.

## ചൈനയിൽ മാമ്മോദീസ സ്വീകരിക്കുന്നവരുടെ എണ്ണം വർധിക്കുന്നു

ചൈനയിൽ ഓരോവർഷവും ജ്ഞാനസ്നാനം സ്വീകരിച്ചു കത്തോലിക്കാ സഭയിൽ അംഗങ്ങളാകുന്നവരുടെ എണ്ണം വർധിക്കുന്നു. ഈ വർഷം ഉയിർപ്പുതിരുനാൾ ദിവസം ഷാങ്ഹായിൽ 470 ആളുകൾ മാമ്മോദീസ സ്വീകരിച്ചു. ചൈനയിലെ മറ്റു കത്തോലിക്കാ രൂപതകളിലും നിരവധി ആളുകളാണ് ജ്ഞാനസ്നാനം സ്വീകരിച്ചുകൊണ്ട് സഭയിൽ അംഗങ്ങളായത്. വിശ്വാസജീവിതത്തിന്റെ, നിശ്ശബ്ദവും എന്നാൽ വിലയേറിയതുമായ വസന്തത്തിനാണ് ഈ കൂദാശ പരികർമ്മത്തിലൂടെ ചൈനീസ് കത്തോലിക്കാ സഭ സാക്ഷ്യം വഹിച്ചത്. മാമ്മോദീസ സ്വീകരിച്ച 470 പേരിൽ 349 ആളുകൾക്ക് പ്രാരംഭ കൂദാശകളായ മാമ്മോദീസ, സ്ഥൈര്യലേപനം, വിശുദ്ധ കുർബാന എന്നിവ ഒരുമിച്ച് നൽകി. ഷാങ്ഹായ്ക്കു പുറമെ, ബെയ്ജിങ്, വെന്‌ലിങ്, തായ്ജൂ എന്നീ രൂപതകളിലും നൂറുകണക്കിന് ആളുകൾ സ്നാനം സ്വീകരിച്ചു പുതിയതായി കത്തോലിക്കാ തിരുസഭയിൽ അംഗംങ്ങളായി.



സഭാവസ്ത്രം സ്വീകരിച്ച് പ്രഥമ വ്രതവാഗ്ദാനം നടത്തിയ
സി.എം.സി കാർമ്മൽഗിരി പ്രൊവിൻസിലെ
നവ സന്ന്യാസിനിമാർ




സന്ന്യാസിനീ സംഗമം – നെടുങ്കണ്ടം




കൈക്കാരൻമാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും
സംയുക്ത സമ്മേളനങ്ങളിൽനിന്ന്


Sahyanadham
Annual Subscription Rs. 350.00
Date of Publication: 01/05/2024

Reg. No. KL / IDK / 08 / 2022-2024
RNI Reg No. KERMAL / 2004 / 12498

# പരിശുദ്ധ മൂറോൻ കൂദാശ



ST. GEORGE CATHEDRAL VAZHATHOPE



പ്രാർത്ഥനാ നിയോഗം മെയ് 2024



സന്യസ്തവൈദികരും സമർപ്പിതരും വൈദികവിദ്യാർഥികളും
തങ്ങളുടെ ദൈവവിളിയിലൂടെ സുവിശേഷത്തിന് വിശ്വസ്ത
സാക്ഷികളായി ജീവിക്കാൻ നമുക്ക് പ്രാർത്ഥിക്കാം

Printed at St. Martin's Offset Printers, [illegible] - [illegible]
Editor, Printer, Publisher: Rev. Fr. James Bishop's House, Idukki - [illegible]